**പതിനാലാം കേരള നിയമസഭ**

**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XI

# (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## (FOOD, CIVIL SUPPLIES AND CO-OPERATION)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2016 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2016 ഒക്ടോബർ......20...-ാം തീയതി സമർപ്പിച്ചത്

(Presented on..20th.......October, 2016)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2016

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2016

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI

# (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## (FOOD, CIVIL SUPPLIES AND CO-OPERATION)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2016 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

975/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 25 |

# സബ്ജക്ട് കമ്മിറ്റി XI

## (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)

## (2016-2018)

**ഘടന**

ചെയർമാൻ :

ശ്രീ. എ. സി. മൊയ്തീൻ,
സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. പി. തിലോത്തമൻ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. അബ്ദുൽ ഹമീദ് പി.

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. എൽദോസ് കുന്നപ്പിള്ളി

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. പി. സി. ജോർജ്

ശ്രീ. വി. ജോയി

ശ്രീ. മുഹമ്മദ് മുഹസിൻ പി.

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 1-4-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

സമിതി 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി ആകെ 7 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3 യോഗങ്ങൾ 2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, റിപ്പോർട്ട് പരിഗണന എന്നിവയ്ക്കും ഒരു യോഗം 2014-15 സാമ്പത്തിക വർഷത്തെ പീരിയോഡിക്കൽ റിപ്പോർട്ട്, ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ പരിഗണിക്കുന്നതിനും രണ്ട് യോഗങ്ങൾ വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകൾ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ്, എസ്.ആർ.ഒ. എന്നിവ പരിഗണിക്കുന്നതിനും ഒരു യോഗം മെമ്പർമാർക്കിന്റെ കീഴിവുള്ള റബ്ബർ ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായിരുന്നു. യോഗങ്ങളിലെ ശരാശരി ഹാജർനില 37% ആയിരുന്നു.

മൂന്ന് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം അദ്ധ്യായത്തിന്റെ ആദ്യ ഭാഗത്ത് 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച വിവരങ്ങളും സമിതിയുടെ 2014-15-ലെ പീരിയോഡിക്കൽ റിപ്പോർട്ട്, ആക്ഷൻ ടേക്കൺ റിപ്പോർട്ട്, സമിതി പരിഗണിച്ച എസ്.ആർ.ഒ. എന്നിവ സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും മൂന്നാം ഭാഗത്ത് ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടത് വിശദീകരിക്കുന്ന വിശദീകരണക്കുറിപ്പ് സഹിതം ലഭിച്ച നടപടി റിപ്പോർട്ടും നാലാം ഭാഗത്ത് സമിതിയുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ പരിഗണിച്ചശേഷം ആരാഞ്ഞ അധിക വിവരങ്ങളും അവയ്ക്കുള്ള മറുപടിയും ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം അദ്ധ്യായത്തിൽ സമിതിയുടെ മെമ്പർമാർക്ക് സന്ദർശനം സംബന്ധിച്ച വിവരങ്ങളും സി.എഫ്.ആർ.ഡി.യുടെ പ്രവർത്തനം സംബന്ധിച്ച സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ടും ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാം അദ്ധ്യായത്തിൽ, സമിതിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ സഭയിൽ സമർപ്പിച്ചത് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതിയുടെ യോഗ നടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2016 സെപ്റ്റംബർ 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XI.*

തിരുവനന്തപുരം,
2016 സെപ്റ്റംബർ 19.

## റിപ്പോർട്ട്

## അദ്ധ്യായം I

### ഭാഗം I

(എ) ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXVII (സഹകരണം), ധനാഭ്യർത്ഥന നമ്പർ XXX (ഭക്ഷ്യം) എന്നിവയുടെ സൂക്ഷ്മ പരിശോധന 28.4.2015, 6.5.2015 എന്നീ തീയതികളിൽ നടത്തുകയും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 13.5.2015-ലെ യോഗത്തിൽ ഭേദഗതികളോടെ അംഗീകരിക്കുകയും 8.6.2015 ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച പീരിയോഡിക്കൽ റിപ്പോർട്ട് 3.6.2015 ൽ ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 29.6.2015 ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) സബ്ജക്ട് കമ്മിറ്റി XI ന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് 3.6.2015 ൽ ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 29.6.2015-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ടിന്റെ അടിസ്ഥാനത്തിലുള്ള എസ്.ആർ.ഒ. (S.R.O. No.733/2014) സമിതിയുടെ മുൻകൂർ അനുമതി കൂടാതെ പ്രസിദ്ധീകരിച്ചതിനുള്ള വിശദീകരണ കുറിപ്പ് സഹകരണ വകുപ്പിൽ നിന്ന് ലഭിച്ചത്, സമിതി അംഗീകരിക്കുകയും പ്രസ്തുത എസ്.ആർ.ഒ.യ്ക്ക് സാധൂകരണം നൽകുകയും ചെയ്തു.

(ഇ) 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ആക്ട്, 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ആക്ട് എന്നിവയിന്മേൽ കരട് ചട്ടങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം സമിതി പരിഗണിക്കുകയും പ്രസ്തുത ആക്ടുകളുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ നിലവിലിരിക്കെ ആക്ട് പാസാക്കാനുണ്ടായ സാഹചര്യം നിയമ വകുപ്പുമായി ആലോചിച്ച് സ്വീകരിക്കേണ്ട തുടർനടപടി സമിതിയെ അറിയിക്കണമെന്ന് സഹകരണ വകുപ്പിന് നിർദേശം നൽകുകയും ചെയ്തു.

## ഭാഗം -2

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 6.5.2015, 25.11.2015, 24.2.2016 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)

### ശിപാർശ

മാർക്കറ്റ്ഫെഡിന്റെ റീഹാബിലിറ്റേഷന്റെ ഭാഗമായി മാർക്കറ്റ് ഫെഡിന്റെ കടബാദ്ധ്യതകൾ തീർപ്പാക്കാൻ 7.10.2013 ൽ അനുവദിച്ച 1969.33 ലക്ഷം രൂപ ഇതുവരെ നൽകാത്തതിൽ സമിതി ആശങ്ക

രേഖപ്പെടുത്തുകയും ഈ തുക പലിശ സഹിതം മാർക്കറ്റ്ഫെഡിന് ഈ വർഷം തന്നെ കൊടുത്തു തീർക്കണമെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്യുന്നു. (ഖണ്ഡിക-24)

## സ്വീകരിച്ച നടപടി

07.10.2003-ലെ സ.ഉ.(എം.എസ്) 191/2003/സഹ നമ്പർ ഉത്തരവ് പ്രകാരം മാർക്കറ്റ്ഫെഡിന് വ്യവസായം, കൃഷി എന്നീ വകുപ്പുകളുമായുണ്ടായിരുന്ന ബാധ്യതകൾ പരസ്പരം തട്ടിക്കിഴിക്കുന്നതിന് ഉത്തരവാകുകയും ഇപ്രകാരം തട്ടിക്കിഴിച്ചതിന് ശേഷം ഫെഡറേഷന് 1969.33 ലക്ഷം രൂപ സർക്കാരിൽ നിന്നും ലഭിക്കാനും ഉണ്ടായിരുന്നു. വ്യവസായം, കൃഷി എന്നീ വകുപ്പുകളിൽ നിന്ന് ടി തുക ലഭിക്കാനുണ്ടെന്ന് ഫെഡറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിക്കുകയും ആയത് സർക്കാർ വിശദമായി പരിശോധിക്കുകയും മാർക്കറ്റ്ഫെഡിന്റെ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി 21.10.15-ലെ മന്ത്രിസഭായോഗത്തിൽ മാർക്കറ്റ് ഫെഡിന് 34.99 കോടി രൂപ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി തുക സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിച്ചു വരുന്നു.

(ഗവ.റഫ. നം.6534/എ 2/15/സഹ. തീയതി 24.11.15)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

## 3-ാമത് റിപ്പോർട്ട് (2013-14)

### ശിപാർശ

സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ച വിവിധ പദ്ധതികൾക്ക് സാമ്പത്തിക വർഷത്തിന്റെ അവസാനദിനങ്ങളിൽ ഭരണാനുമതി ലഭിച്ചെങ്കിലും ധനകാര്യ വകുപ്പിൽ നിന്ന് റിലീസ് ഉത്തരവ് ലഭിക്കാത്തതിനാൽ അനുവദിച്ച തുക വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായി എന്ന് സമിതി മനസ്സിലാക്കുന്നു. ബഡ്ജറ്റ് പ്രൊവിഷനിൽ വച്ചിരിക്കുന്ന തുകയ്ക്ക് എ.എസ് ലഭിച്ചിട്ടും സർക്കാർ തുക റിലീസ് ചെയ്തുകൊടുക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും മേലിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

(ഖണ്ഡിക -16)

### സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസങ്ങളിലാണ് ഫണ്ട് റിലീസിനായി സഹകരണ വകുപ്പിൽ നിന്നും ശിപാർശകൾ ലഭിച്ചത്. 31.3.2013 (Sunday) അവധി ദിവസമായിരിക്കെ 34 സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ സഹകരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ചത് 30.3.2013 ൽ മാത്രമാണ്. ടി സർക്കാർ ഉത്തരവുകൾ താഴെപ്പറയുന്നവയാണ്.

G.O.(Rt)No.235/13/Co-op dated, 30.3.2013

G.O.(Rt)No.242/13/Co-op dated, 30.3.2013

G.O.(Rt)No.236/13/Co-op dated, 30.3.2013

G.O.(Rt)No.239/13/Co-op dated, 30.3.2013

ഇപ്രകാരം ഭരണാനുമതി നൽകുന്നതിലും ധനകാര്യ വകുപ്പിലേയ്ക്ക് ഫയൽ അയയ്ക്കുന്നതിലും കാലതാമസം വരുത്തുക വഴി സഹകരണ വകുപ്പും സഹകരണ സംഘം രജിസ്ട്രാറും ഗുരുതരമായ വീഴ്ച ഈ കാര്യത്തിൽ വരുത്തുകയുണ്ടായി. സാമ്പത്തിക വർഷത്തിന്റെ അവസാന ദിനങ്ങളിൽ ഫയൽ ലഭിക്കുന്നത് കാരണം ശിപാർശകളിന്മേൽ മതിയായ പരിശോധന നടത്തുവാൻ ധനകാര്യ വകുപ്പിന് സാധിക്കില്ല. ബഡ്ജറ്റ് ശീർഷകങ്ങളിലെ ബാലൻസ് തുക പരിശോധിക്കാതെ സഹകരണ സംഘങ്ങളുടെ പദ്ധതികൾ സഹകരണ സംഘം രജിസ്ട്രാറും സഹകരണ വകുപ്പ് സെക്രട്ടറിയും ഫയലുകൾ ശിപാർശ ചെയ്യുന്നതുകൊണ്ടാണ് ഫണ്ട് റിലീസ് ചെയ്യാൻ 2012-13-ൽ കഴിയാതെ പോയത്.ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കാൻ വേണ്ടി സാമ്പത്തിക വർഷാവസാനം ഫണ്ട് റിലീസ് ചെയ്യുന്നത് ഒഴിവാക്കണമെന്നും സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലെ rush of expenditure തടയുന്നതിനായി flow of expenditure നിയന്ത്രിക്കണമെന്നും കേരള ബഡ്ജറ്റ് മാന്വൽ ഖണ്ഡിക 91(2)ൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡ് Vol.1-ൽ ആർട്ടിക്കിൾ 40(c)(7)ൽ ചുവടെപ്പറയും പ്രകാരം പ്രതിപാദിച്ചിരിക്കുന്നു.

" No attempt should be made to prevent the lapse of an appropriation by any undue rush of expenditure during March" . അതുപ്രകാരം 2012-13 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിനത്തിലുള്ള ചെലവുകൾ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് 2.6.2012 തീയതിയിലെ 31/12/ധന നമ്പർ സർക്കുലർ പുറപ്പെടുവിക്കുകയും ആയത് എല്ലാ വകുപ്പുകൾക്കും വകുപ്പുമേധാവികൾക്കും അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ഗവ.റഫ.നം.60517/അഗ്രി വിംഗ് സി1/13/ധന തീയതി 20.8.13)

മേൽപ്പറഞ്ഞ മറുപടി 18.11.2013-ലെ യോഗം പരിഗണിക്കുകയും "ഇപ്രകാരം ഭരണാനുമതി നൽകുന്നതിലും ധനകാര്യ വകുപ്പിലേയ്ക്ക് ഫയൽ അയയ്ക്കുന്നതിലും കാലതാമസം വരുത്തുക വഴി സഹകരണ വകുപ്പും സഹകരണ സംഘം രജിസ്ട്രാറും ഗുരുതരമായ വീഴ്ച ഇക്കാര്യത്തിൽ വരുത്തുകയുണ്ടായി, ബഡ്ജറ്റ് ശീർഷകങ്ങളിലെ ബാലൻസ് തുക പരിശോധിക്കാതെ സഹകരണ സംഘങ്ങളുടെ പദ്ധതികൾ സഹകരണ സംഘം രജിസ്ട്രാറും സഹകരണ വകുപ്പ് സെക്രട്ടറിയും ഫയലുകൾ ശിപാർശ ചെയ്യുന്നതുകൊണ്ടാണ് ഫണ്ട് റിലീസ് ചെയ്യാൻ 2012-13-ൽ കഴിയാതെ പോയത് " എന്നീ ഭാഗങ്ങൾ ഒഴിവാക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ ഭാഗങ്ങൾ ടി റിപ്പോർട്ടിൽ നിന്ന് ഒഴിവാക്കിയതായി 25.11.2015-ലെ സമിതി യോഗത്തിൽ ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചിരുന്നു. തുടർന്ന് ഇതു സംബന്ധിച്ച് റിപ്പോർട്ട് 30.11.2015-ലെ കത്ത് മുഖേന ധനകാര്യ വകുപ്പ് ലഭ്യമാക്കി.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)

### ശിപാർശ

സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല വഴി 8 ജില്ലകളിലെ റേഷൻകാർഡുടമകൾക്ക് ഗുണമേന്മയുള്ള നാടൻ കുത്തരി നൽകി വരുന്നു. സംഭരിക്കുന്ന നെല്ലിന്റെ വില കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്ന ഈ പദ്ധതിക്ക് നിലവിൽ ഏകദേശം 1.25 ലക്ഷം കർഷകരാണ് ഗുണഭോക്താക്കളായിട്ടുള്ളത്. നെല്ലുൽപ്പാദനം മെച്ചപ്പെട്ടതിനാലും നെല്ലിന്റെ സംഭരണ വില മികച്ചതായതിനാലും 2013-14 സാമ്പത്തിക

വർഷത്തിൽ സെപ്റ്റംബറിൽ ആരംഭിക്കുന്ന നെല്ല് സംഭരണത്തിന്റെ രണ്ടാം പാദത്തിൽ ഏകദേശം 4 ലക്ഷം മെട്രിക് ടൺ നെല്ലും, 2014-15 സാമ്പത്തിക വർഷത്തിൽ ഏകദേശം 5.5 ലക്ഷം മെട്രിക് ടൺ നെല്ലും സംഭരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നെല്ലിന്റെ സംഭരണ വിലയായ കിലോഗ്രാമിന് 19 രൂപയിൽ 5.90 രൂപ സംസ്ഥാന വിഹിതമായി നൽകിയാണ് നെല്ല് സംഭരണം നടത്തുന്നത്. ഇതിനായി 427.50 കോടി രൂപ ആവശ്യമാണ്. 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 180 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ലഭിക്കുവാനുണ്ടായിരുന്ന 30 കോടി രൂപ കൂടി ലഭിച്ച സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 217.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -11)

## സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് നെല്ല് സംഭരണത്തിന് ആകെ 215.00 കോടി രൂപ (ബഡ്ജറ്റ് വിഹിതം180.00 കോടി രൂപ, ഉപധനാഭ്യർത്ഥന ഡിസംബർ 2014,10.00 കോടി രൂപ, ഉപധനാഭ്യർത്ഥന മാർച്ച് 2015,25.00 കോടി രൂപ) 2408-01-101-96-33 subsidies (NP) എന്ന ശീർഷകത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഗവ.റഫ.നം.11052/സി1/14/ഭസിസവ തീയതി 2.6.2015)

## സമിതിയുടെ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 20.02.2014-ലെ യോഗത്തിന്റെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

### ശിപാർശ

നെല്ല് സംഭരണം ശക്തിപ്പെടുത്തുന്നതിനായി കർഷകരിൽ നിന്നും യഥാസമയം നെല്ല് സംഭരിക്കുന്നതിനും കൃത്യമായി സംഭരണ വില നൽകുന്നതിനും, സംഭരിച്ച നെല്ല് യഥാസമയം കൊണ്ടുപോകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

### സ്വീകരിച്ച നടപടി

2013-2014 സീസണിൽ സംസ്ഥാനത്തെ നെൽ കർഷകരിൽ നിന്നും 5 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കാനാണ് സപ്ലൈകോ ലക്ഷ്യമിട്ടിരുന്നതെങ്കിലും 5.36 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കാൻ കഴിഞ്ഞു. ഇതിന്റെ വിലയായി 1004 കോടി രൂപ കർഷകരുടെ ബാങ്ക് അക്കൗണ്ടിലൂടെ നൽകുകയും ചെയ്തു. സംഭരിച്ച നെല്ല് മുഴുവൻ കുത്തി അരിയാക്കി പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം നടത്തുകയും ചെയ്തു.

(ഗവ.റഫ.നം. 10307/സി1/14/ഭസിസവ. തീയതി 18.3.15)

## ഭാഗം 3

## ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 32-ാം ഖണ്ഡികയിലെ ശിപാർശയിൻമേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രികയും സമിതിയുടെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 10-ാം

ഖണ്ഡികയിലെ ശിപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രികയും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ശ്രീ. അനൂപ് ജേക്കബ് 1.12.2015-ൽ സഭയിൽ സമർപ്പിച്ചു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)

### ശിപാർശ

റേഷനരി സംസ്ഥാന സർക്കാർ സബ്സിഡി നല്കി വിതരണം ചെയ്യുമ്പോൾ ഉണ്ടാകുന്ന ചെലവ് വഹിക്കുന്നതിനും മൊത്ത/ചില്ലറ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്ന 2408-01-101-78-33 റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലുണ്ടായ അന്തരം-ഫുഡ്കോർപ്പറേഷന് മടക്കിക്കൊടുക്കൽ-സബ്സിഡികൾ എന്ന ശീർഷകത്തിൽ നിന്നും സബ്സിഡി നൽകുന്ന തുക സംസ്ഥാന സർക്കാർ എഫ്.സി.ഐ. ക്ക് നൽകുകയും എഫ്.സി.ഐ. സബ്സിഡി നിരക്കിൽ അരി നല്കുകയുമാണ് ചെയ്യുന്നത്. 2014-15 സാമ്പത്തിക വർഷം ഭക്ഷ്യ സബ്സിഡി നല്കുന്നതിനാവശ്യമായ 663.23 കോടി രൂപയും റേഷൻ മൊത്ത/ചില്ലറ വ്യാപാരികളുടെ കമ്മീഷൻ നൽകുന്നതിനുള്ള 75.87 കോടി രൂപയും, 2013-14 സാമ്പത്തിക വർഷം വ്യാപാരികൾക്ക് നൽകാനുള്ള പ്രതീക്ഷിത കുടിശ്ശികയായ 15.26 കോടി രൂപയും ഉൾപ്പെടെ ആകെ 754.36 കോടി രൂപ ഈ സാമ്പത്തിക വർഷം ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 154.36 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -10)

### സ്വീകരിച്ച നടപടി

'2408-01-101-78-33' എന്ന ശീർഷകത്തിലെ 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 600 കോടി രൂപയായിരുന്നു. ബഹു. നിയമസഭാ സമിതിയുടെ

ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ 134.5634 കോടി രൂപ അധികമായി അനുവദിക്കണമെന്ന ശിപാർശ 2014-15 സാമ്പത്തിക വർഷത്തെ രണ്ടാംവട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നുവെങ്കിലും 70 കോടി രൂപ മാത്രമാണ് പ്രസ്തുത ശീർഷകത്തിൽ രണ്ടാംവട്ട ഉപധനാഭ്യർത്ഥന മുഖാന്തരം അധികമായി അനുവദിച്ച് കിട്ടിയത്. കൂടാതെ 2014-15 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 35 കോടി രൂപ അഡീഷണൽ ആതറൈസേഷൻ മുഖാന്തരം അനുവദിച്ചു കിട്ടുകയുണ്ടായി.

പ്രസ്തുത ശീർഷകത്തിൽ 101.8494 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന ശിപാർശ 2014-15 സാമ്പത്തിക വർഷത്തെ അവസാനവട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സമർപ്പിച്ചുവെങ്കിലും അഡീഷണൽ ആതറൈസേഷൻ മുഖാന്തിരം ലഭിച്ച 35 കോടി രൂപ അവസാനവട്ട ഉപധനാഭ്യർത്ഥന മുഖാന്തരം റഗുലറൈസ് ചെയ്ത് ലഭിക്കുക മാത്രമാണുണ്ടായത്. ഇപ്രകാരം 2014-15 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ ലഭ്യമായ 705 കോടി രൂപയിൽ (600+70+35) നിന്നും 704.986 കോടി രൂപ ചെലവഴിക്കുകയും ബാക്കി തുകയായ 1.4 ലക്ഷം രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഗവ.നം.നം.304913/ഡി2/2015/ഭ.പൊ.വി.വ. തീയതി 30.10.2015)

## ഭാഗം -4

## 2010-11-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് പരിഗണിച്ച ശേഷം സമിതി ആരാഞ്ഞ അധികവിവരം സംബന്ധിച്ച് ഭക്ഷ്യപൊതുവിതരണ വകുപ്പിൽ നിന്ന് ലഭിച്ച റിപ്പോർട്ട്

27.05.2013 ലെ സമിതി യോഗത്തിൽ ധനാഭ്യർത്ഥന നം.XXX ൽ 2408-01-190-94 'എക്സ്റ്റന്റഡ് മാർക്കറ്റ് ഇൻറർവെൻഷൻ പ്രോഗ്രാം' എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചെലവഴിക്കാത്തത് സംബന്ധിച്ചും പ്രസ്തുത സമിതി യോഗത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ ഹാജരാകാത്തത് സംബന്ധിച്ചും സമിതി വിശദീകരണം ആരാഞ്ഞിരുന്നു.

2010-11 സാമ്പത്തിക വർഷം ധനാഭ്യർത്ഥന നം.XXX ൽ2408-01-190-94 'എക്സ്റ്റന്റഡ് മാർക്കറ്റ് ഇന്റർവെൻഷൻ പ്രോഗ്രാം' എന്ന ശീർഷകത്തിൽ (വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിക്കാത്തത് സംബന്ധിച്ച്) 25 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 2 കോടി രൂപ മാത്രമേ സപ്ലൈകോയ്ക്ക് അനുവദിച്ചിരുന്നുള്ളൂ. ഈ തുക പൂർണ്ണമായും കോർപ്പറേഷൻ വിനിയോഗിക്കുകയും ചെയ്തു. ബാക്കി തുകയായ 23 കോടി രൂപയിൽ 18.79 കോടി രൂപ AAY പദ്ധതി പ്രകാരം റേഷൻ സബ്സിഡി കമ്മീഷൻ നൽകുന്നതിനായി വിനിയോഗിച്ചു. അവശേഷിക്കുന്ന 4.21 കോടി രൂപ അനുവദിക്കാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയിരുന്നില്ല.

27.05.2013-ലെ സമിതി യോഗത്തിൽ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ പങ്കെടുക്കാതിരുന്നത് അവർക്ക് അറിയിപ്പ് ലഭിക്കാത്തതിനാലാണെന്ന് മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

(ഗവ.റഫ.നം.967/സി2/2015/ഭ..സി.സ.വ. തീയതി 3.6.15)

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 2015 ജൂൺ 3-ാം തീയതിയിലെ യോഗം പരിഗണിച്ചിരുന്നു. യോഗവിവരം സംബന്ധിച്ച് അനുബന്ധ സ്ഥാപനങ്ങളെ അറിയിക്കാതിരുന്നത് ഭക്ഷ്യ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണെന്ന് വിലയിരുത്തിയ സമിതി ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധചെലുത്തണമെന്ന് വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കി. ഇത്തരത്തിൽ വീഴ്ച സംഭവിച്ചതിൽ സപ്ലൈകോ മാനേജിംഗ് ഡയറക്ടർ ക്ഷമാപണം നടത്തി.

## 2013-14 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച് ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട്

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXX(ഭക്ഷ്യം) സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട്, 08.10.2014-ലെ സമിതിയോഗം പരിഗണിച്ച്, റിപ്പോർട്ടിലെ "3456-00-001-89 ഭക്ഷ്യോപദേശക സമിതി 34-മറ്റു

ചെലവുകൾ" എന്ന ശീർഷകത്തിൽ ഉൾപ്പെട്ട ബഡ്ജറ്റ് വിഹിതം പരിശോധിക്കുന്ന അവസരത്തിൽ പഞ്ചായത്ത് തലത്തിലുള്ള വിജിലൻസ് കമ്മിറ്റികൾ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

<u>സ്വീകരിച്ച നടപടി</u>

പൊതുജനങ്ങൾക്ക് തങ്ങളുടെ റേഷൻ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടോ എന്നത് പരിശോധിക്കുവാനും റേഷൻ കടകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും കടകളെക്കുറിച്ചുള്ള പരാതികളിന്മേൽ നടപടി എടുക്കുന്നതിനുമാണ് ജില്ലാ/താലൂക്ക്/പഞ്ചായത്ത്തല വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുള്ളത്. ജില്ലാതല വിജിലൻസ് സമിതികൾ മാസത്തിൽ ഒരിക്കലും താലൂക്ക്തല വിജിലൻസ് സമിതികൾ 2 മാസത്തിലൊരിക്കലുമാണ് യോഗം ചേരുന്നത്. പഞ്ചായത്ത്തല വിജിലൻസ് സമിതിയിൽ പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർമാർ, നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, റേഷനിംഗ് ഇൻസ്പെക്ടർമാർ, ലീഗൽ മെട്രോളജി/റവന്യൂ/ഹെൽത്ത് /പഞ്ചായത്ത് /പോലീസ് എന്നീ വകുപ്പുകളുടെ പ്രതിനിധികൾ, റേഷൻ വ്യാപാരികളുടെ രണ്ട് പ്രതിനിധികൾ എന്നിവരാണ് അംഗങ്ങൾ. രണ്ട് മാസത്തിൽ ഒരിക്കൽ സമിതി യോഗം ചേരുന്നു. കൂടാതെ, കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നതിനും പൊതു വിതരണ രംഗത്ത് പരാതികൾക്ക് ഇടയില്ലാത്ത വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുവാനും ശ്രദ്ധിക്കുന്നതായി പൊതുവിതരണ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഗവ.റഫ.നം.256/എ 3/2015/ഭ.പൊ.വി.വ. തീയതി 26.10.2015)

## <u>അദ്ധ്യായം -2</u>

സഹകരണ വകുപ്പിന്റെ കീഴിലുള്ള സഹകരണ സ്ഥാപനങ്ങളായ റബ്കോ, റബ്മാർക്ക് എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച് 25.2.2015 ലെ കത്ത് പ്രകാരം സഹകരണ വകുപ്പിൽ നിന്ന് ലഭിച്ച കുറിപ്പ് 3.6.2015-ലെ സമിതിയോഗം വിശദമായി

പരിശോധിച്ചു. തുടർന്ന് സമിതി 2015 സെപ്റ്റംബർ 18-ാം തീയതി എറണാകുളം ജില്ലയിലെ ഐരാപുരത്ത് സ്ഥിതി ചെയ്യുന്ന സഹകരണ സ്ഥാപനമായ റബ്ബർമാർക്കിന്റെ അനുബന്ധസ്ഥാപനമായ റൂബക് ബല്ലൂൺസ് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.

കൗൺസിൽ ഫോർ ഫുഡ് റിസർച്ച് & ഡവലപ്മെന്റിന്റെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് ഭക്ഷ്യപൊതുവിതരണ വകുപ്പിൽ നിന്ന് ലഭിച്ച അധികവിവര റിപ്പോർട്ട് 24.2.2016-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.

## ശിപാർശ

സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരത്തിൽ ക്രമക്കേട് കാണിക്കുന്ന കമ്പനികളുടെ ഉൽപ്പന്നങ്ങൾ തുടർന്ന് സപ്ലൈകോയിലൂടെ വിതരണം ചെയ്യരുതെന്നും സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന പായ്ക്ക് ചെയ്തതുൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കൾ കർശന പരിശോധനയ്ക്ക് വിധേയമാക്കണമെന്നും ആറ് മാസത്തിലൊരിക്കൽ റാൻഡം ചെക്കിംഗ് നടത്തണമെന്നും സമിതി നിർദ്ദേശിച്ചു.

(ഖണ്ഡിക -1)

## സ്വീകരിച്ച നടപടി

സപ്ലൈകോയും സി.എഫ്.ആർ.ഡി.യും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന പായ്ക്ക് ചെയ്തതുൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ എല്ലാ ബാച്ച് ഉൽപ്പന്നങ്ങളും പരിശോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സപ്ലൈകോയിൽ നിന്ന് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ഇത്തരം റാൻഡം ചെക്കിംഗ് സമയബന്ധിതമായി സി.എഫ്. ആർ.ഡി. നടത്തിവരുന്നു.

## ശിപാർശ

സംസ്ഥാന തലസ്ഥാനത്ത് നിന്നും 110 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധനയ്ക്കായുള്ള സാമ്പിളുകൾ എത്തിക്കുന്നതിൽ പ്രയോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. വിദൂര സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന പാൽ, മത്സ്യം, തുടങ്ങിയവ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിക്കുമ്പോൾതന്നെ കേടാകുന്നതിനുള്ള സാദ്ധ്യത ഏറെയായതിനാൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സി.എഫ്.ആർ.ഡി. യുടെ റീജിയണൽ സെന്ററുകൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 2)

## സ്വീകരിച്ച നടപടി

റീജിയണൽ സെന്ററുകളും ജില്ലാതല സെന്ററുകളും മുൻഗണനാടിസ്ഥാനത്തിൽ സ്ഥാപിക്കുവാനുള്ള വിശദമായ നിർദ്ദേശങ്ങൾ സി.എഫ്.ആർ.ഡി. തയ്യാറാക്കിയിട്ടുണ്ട്.

## ശിപാർശ

സി.എഫ്.ആർ.ഡി.യിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ച് മതിയായ പ്രചാരണം ലഭിക്കാത്തതിനാൽ സി.എഫ്.ആർ.ഡി. നടത്തുന്ന പഠന കോഴ്സുകൾ സംബന്ധിച്ചും ഇവിടെ നടത്തി വരുന്ന ഭക്ഷ്യവസ്തുക്കളുടെ പരിശോധന സംബന്ധിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിപുലമായ രീതിയിൽ വിവരങ്ങൾ പരസ്യപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രമുഖ മാദ്ധ്യമങ്ങൾ വഴി പരസ്യം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക-3)

സ്വീകരിച്ച നടപടി

ലഘുലേഖ തയ്യാറാക്കി പൊതുജനങ്ങൾക്കും സി.എഫ്.ആർ.ഡി.യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടവർക്കും നൽകി വരുന്നു. മാസികകളിൽ ലേഖനം വഴിയും പ്രചാരണം നൽകിവരുന്നു. സി.എഫ്.ആർ.ഡി.യുടെ പ്രവർത്തനങ്ങളെ കുറിച്ച് തയ്യാറാക്കിയ സി.ഡി.യുടെ ഫൈനൽ എഡിറ്റിംഗ് നടന്നുവരുന്നു. കൂടാതെ കോന്നിയിൽ വെച്ച് സി.എഫ്.ആർ.ഡി. ബിസിനസ് മീറ്റ് 2016 എന്ന പേരിൽ വിപുലമായ ഒരു സമ്മേളന പ്രദർശനപരിപാടി സംഘടിപ്പിക്കുന്നുണ്ട്. അതുവഴി സി.എഫ്.ആർ.ഡി.യെ കുറിച്ച് കൂടുതൽ പ്രചാരണം നൽകുവാൻ സാധിക്കുന്നതാണ്.

**ശിപാർശ**

ഇൻസ്റ്റിറ്റ്യൂട്ടിന്റെ നാലാമത് സംരംഭമായ മെഗാ ഫുഡ് പാർക്കിനായി പുതിയ പ്രോജക്ട് തയ്യാറാക്കി അടിയന്തരമായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച് പരമാവധി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഫണ്ട് ലാപ്സാകുന്ന സ്ഥിതിവിശേഷം യാതൊരു കാരണവശാലും ഉണ്ടാകരുതെന്നും ഇക്കാര്യത്തിൽ മതിയായ ശ്രദ്ധ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-4)

സ്വീകരിച്ച നടപടി

ഫുഡ് പാർക്കിന്റെ ഡി.പി.ആർ തയ്യാറാക്കുകയും ആയത് സി.എഫ്.ആർ.ഡി യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും, എക്സ്പെർട്ട് കമ്മിറ്റിയുടെയും വിലയിരുത്തലിനു ശേഷം സർക്കാരിൽ സമർപ്പിക്കുകയും, തുടർന്ന് ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിനു സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പദ്ധതിയുടെ നടത്തിപ്പിന് 50 ഏക്കർ ഭൂമി ലഭ്യമാക്കാൻ കഴിയാത്തതിനാൽ ഭക്ഷ്യ സംസ്കരണ മന്ത്രാലയം സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം നിരസിച്ചു.

**ശിപാർശ**

കയറ്റി അയയ്ക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്കായി ലാബിന് ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ അംഗീകാരം അനിവാര്യമായതിനാൽ സി.എഫ്.ആർ.ഡി. ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ അംഗീകാരം നേടിയെടുക്കണമെന്നും ഇതിനായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലെയ്സൺ വർക്ക് കാര്യക്ഷമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -5)

സ്വീകരിച്ച നടപടി

സി.എഫ്.ആർ.ഡി. യുടെ കീഴിലുള്ള മൈക്രോബയോളജി ലാബിനും കെമിക്കൽ ലാബിനും NABL അംഗീകാരം ലഭിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ അംഗീകാരത്തിനു വേണ്ട നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു.

**ശിപാർശ**

ഡ്രൈഫ്രൂട്ട്സ്/വെജിറ്റബിൾസ് സംസ്കരണത്തിൽ സംരംഭകർക്ക് പരിശീലനം നൽകണമെന്നും അവർ തയ്യാറാക്കുന്ന ഉല്പന്നങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -6)

സ്വീകരിച്ച നടപടി

ഡ്രൈഫ്രൂട്ട്സ്/വെജിറ്റബിൾസ് എന്നിവയുടെ സംസ്കരണത്തിൽ 125 പേർക്ക് അഞ്ച് ബാച്ചിലായി പരിശീലനം നടത്തുകയുണ്ടായി. എന്നാൽ ഇവർ ഉണ്ടാക്കുന്ന ഭക്ഷ്യവസ്തുക്കൾ 5 കിലോഗ്രാം തോതിലായതിനാൽ അവയ്ക്ക് വിപണന സാദ്ധ്യതയില്ല.

**ശിപാർശ**

തുടക്കത്തിൽ ഫുഡ് ടെക്നോളജിയുമായി ബന്ധപ്പെട്ട് നാല് കോഴ്സുകളാണ് വിഭാവനം ചെയ്തിരുന്നത് എന്നും എന്നാൽ നിലവിൽ രണ്ട് കോഴ്സുകൾ മാത്രമേ

നടത്തുന്നുള്ളുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മറ്റ് രണ്ട് കോഴ്സുകളായ കാറ്ററിംഗ് ടെക്നോളജിയും, എം.ബി.എ.യും (ഹോട്ടൽ മാനേജ്മെന്റ്) ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, ഭരണപരമായ തീരുമാനങ്ങൾ എന്നിവയിൽ കാലവിളംബം ഒഴിവാക്കി എത്രയും പെട്ടെന്ന് കോഴ്സുകൾ ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -7)

<u>സ്വീകരിച്ച നടപടി</u>

എം.ബി.എ. ഫുഡ് ബിസ്സിനസ്സ് മാനേജ്മെന്റ് എന്ന പാഠ്യപദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി എം.ജി. യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**<u>ശിപാർശ</u>**

സി.എഫ്.ആർ.ഡി.യിൽ ട്രെയിനിയായി ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന സ്റ്റൈപ്പന്റ് അവരുടെ യോഗ്യതയ്ക്ക് അനുസരിച്ചുള്ളതല്ല എന്നതിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് കാലഘട്ടത്തിൽ ആദ്യത്തെ ഒരു വർഷം ട്രെയിനിംഗ് പിരീഡായി കണക്കാക്കി പതിനയ്യായിരം രൂപ വീതം നൽകേണ്ടതാണെന്നും, അതിനുശേഷം അവരുടെ സേവനം ആവശ്യമാണെങ്കിൽ പ്രതിമാസം ഇരുപത്തയ്യായിരം രൂപ ശമ്പളത്തോടു കൂടി കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -8)

<u>സ്വീകരിച്ച നടപടി</u>

എഫ്.ക്യു.എം. ലാബിൽ (ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബ്) സേവനം അനുഷ്ഠിക്കുന്ന ട്രെയിനി അനലിസ്റ്റുകൾക്ക് ആദ്യ 2 വർഷങ്ങളിൽ 15,000 രൂപ നിരക്കിലും അതിനുശേഷം 16,500/-രൂപ നിരക്കിലും ഇപ്പോൾ പ്രതിഫലം നൽകുന്നുണ്ട്. ലാബിന്റെ വരുമാനം കൂടുന്നമുറയ്ക്ക് ഇവരുടെ പ്രതിഫലവും കൂട്ടി നൽകുന്നതാണ്.

**ശിപാർശ**

ഇൻസ്റ്റിറ്റ്യൂട്ടിനായി പരമാവധി ആൾക്കാരെ ഉൾക്കൊള്ളാവുന്ന തരത്തിൽ ഒരു കോൺഫറൻസ് ഹാളും പരിശീലകർക്കായി മതിയായ സൗകര്യമുള്ള ട്രെയിനിംഗ് ഹാളും നിർമ്മിക്കുന്നതിനും, ലേഡീസ് ഹോസ്റ്റലിലെ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുമായി അധിക തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-9)

<u>സ്വീകരിച്ച നടപടി</u>

പരിശീലകർക്കായി മതിയായ സൗകര്യമുള്ള ട്രെയിനിംഗ് ഹാൾ നിർമ്മിക്കുന്നതിനും ലേഡീസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനും ആവശ്യമായ പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുവാൻ കിറ്റ്കോയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായാലുടൻ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**ശിപാർശ**

ഗുണനിലവാരം ഇല്ലാത്തതും അവശ്യം വേണ്ടുന്ന ഘടകങ്ങൾ ഉൾക്കൊള്ളാത്തതും എന്നാൽ മാരകമായ രാസാവശിഷ്ടങ്ങൾ ഉൾപ്പെടുന്നതുമായ മരുന്നുകൾ ഉപയോഗിക്കുക വഴി നിരവധി രോഗികൾ പുതിയ പുതിയ രോഗങ്ങൾക്ക് അടിമപ്പെടുന്നത് തടയുന്നതിനാവശ്യമായ നടപടി സി.എഫ്.ആർ.ഡി.യുടെ ഡ്രഗ് ടെസ്റ്റിംഗ് ലാബ് വഴി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -11)

<u>സ്വീകരിച്ച നടപടി</u>

ഡ്രഗ് ടെസ്റ്റിംഗ് ലാബ് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**ശിപാർശ**

ഡ്രഗ് ടെസ്റ്റിംഗ് ലാബിൽ മരുന്നിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനുള്ള ഏതാണ്ട് എല്ലാ പരിശോധനകളും നടത്തുന്നതിന് പരിശീലനം ലഭിച്ച ജീവനക്കാർ

സി.എഫ്.ആർ.ഡി. യിൽ ഉള്ളതിനാലും ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും കെമിക്കൽ ലാബ് അടിയന്തരമായി പ്രവർത്തന സജ്ജമാക്കണമെന്നും ലാബിന് NABL അക്രഡിറ്റേഷൻ നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -12)

## സ്വീകരിച്ച നടപടി

കെമിക്കൽ ലാബിന് NABL അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

## ശിപാർശ

സംസ്ഥാനത്ത് ഭക്ഷ്യഗുണനിലവാര സർവ്വേ നടത്തുന്നതിന് സി.എഫ്.ആർ.ഡി. ലക്ഷ്യമിടുന്നതിനാൽ വിളവെടുക്കുന്ന സ്ഥലങ്ങൾ, സംഭരണശാലകൾ, വിതരണക്കാർ, പൊതുകമ്പോളങ്ങൾ എന്നിവിടങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിക്കുന്നതിനും, പരിശോധന നടത്തുന്നതിനും സി.എഫ്.ആർ.ഡി. യെ അധികാരപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -13)

## സ്വീകരിച്ച നടപടി

2014-15 ബജറ്റിലനുവദിച്ച 40 ലക്ഷം രൂപ ചെലവാക്കി കേരളത്തിലെ 14 ജില്ലകളിൽ നിന്നും ഭക്ഷ്യ സാമ്പിളുകൾ ശേഖരിക്കുകയും അവ പരിശോധിക്കുകയും ചെയ്തിരുന്നു. ഭക്ഷ്യഗുണനിലവാര സർവ്വേ നടത്തുന്നതിന് സി.എഫ്.ആർ.ഡി യെ ചുമതലപ്പെടുത്തുന്നതിനുള്ള അപേക്ഷ ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകിയിട്ടുണ്ട്.

## ശിപാർശ

പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് സഹായകമാകും എന്നതിനാൽ ഭക്ഷ്യവസ്തുക്കളുടെ പരിശോധനയ്ക്കും വിശകലനത്തിനും ആവശ്യമായ തസ്തിക സി.എഫ്.ആർ.ഡി.യിൽ സൃഷ്ടിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -14)

സ്വീകരിച്ച നടപടി

ഇത് സംബന്ധിച്ച നിർദ്ദേശം ധന വകുപ്പിന്റെ പരിശോധനയിലാണ്.

## ശിപാർശ

പഴങ്ങളുടെയും പച്ചക്കറികളുടെയും സംഭരണം നിർജ്ജലീകരണം എന്നിവയിൽ പരിശീലനം നൽകുന്നതിനുള്ള മാതൃകാ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതി തയ്യാറാക്കുകയാണെന്നും ഇലഞ്ഞിയിൽ ആരംഭിക്കുന്ന യൂണിറ്റിന്റെ അന്തിമ ചർച്ച കഴിഞ്ഞുവെന്നും ആയതിന് എ.എസ്. കിട്ടിയിട്ടുണ്ടെന്നും ഡിസംബർ അവസാനം ടെൻഡർ നടപടി ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. എന്നാൽ ഇക്കാര്യങ്ങൾ സമിതിയ്ക്ക് ലഭ്യമാക്കിയ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യങ്ങൾ കൂടി ഉൾപ്പെടുത്തിയ വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും പ്രസ്തുത യൂണിറ്റ് അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

(ഖണ്ഡിക -15)

സ്വീകരിച്ച നടപടി

പഴങ്ങളുടെയും, പച്ചക്കറികളുടെയും സംഭരണം, നിർജ്ജലീകരണം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ ഇലഞ്ഞി പഞ്ചായത്തിൽ ഒരു പഴം പച്ചക്കറി സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ 12.31 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയത് പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ 125 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷത്തിൽ 185 ലക്ഷം രൂപയും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ശീതീകരണശാലയും ഒരു നിർജ്ജലീകരണ ശാലയും സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇവ രണ്ടിനുമുള്ള കെട്ടിടങ്ങളുടെ ഫൗണ്ടേഷൻ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

## ശിപാർശ

സംഭരണശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥയുടെ വിശദാംശം സമിതിയ്ക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

(ഖണ്ഡിക -16)

## സ്വീകരിച്ച നടപടി

സംഭരണ ശാലകൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ 12.31 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. 1250 ടൺ ശേഷിയുള്ള ശീതീകരിച്ച സംഭരണ ശാലയിൽ 500 ടൺ ശേഷിയുള്ള നിർജ്ജലീകരണശാലയും സ്ഥാപിക്കുവാനാണ് പദ്ധതി ഇട്ടിരിക്കുന്നത്. രണ്ടിനുമുള്ള കെട്ടിടങ്ങളുടെ പണി ദ്രുതഗതിയിൽ നടന്നുവരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള APEDA യിൽ നിന്നും 7.5 കോടി രൂപ ഗ്രാന്റായി അനുവദിച്ചുകിട്ടുകയും അതിൽ 3.65 കോടി രൂപ റിലീസ് ചെയ്ത് കിട്ടുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ

അംഗീകാരമില്ലാത്ത സംഭരണശാലകളിൽ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നത് തടയുന്നതിനായി നിയമനിർമ്മാണം നടത്തണമെന്നും സംഭരണ ശാലകളുടെ സർട്ടിഫിക്കേഷന് സി.എഫ്.ആർ.ഡി.യെ അധികാരപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -17)

## സ്വീകരിച്ച നടപടി

ഇതു സംബന്ധിച്ച വിശദമായ നിർദ്ദേശം ലഭ്യമാക്കുവാൻ സി.എഫ്.ആർ.ഡി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ശിപാർശ

എല്ലാ ജില്ലകളിലെയും, ഭക്ഷ്യ വ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും ഈ മേഖലയിലേക്ക് കടന്നു വരാൻ ഉദ്ദേശിക്കുന്ന വ്യവസായ സംരംഭകർക്കും ഭക്ഷ്യ

സംസ്കരണത്തിൽ സി.എഫ്.ആർ.ഡി മുഖേന പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -18)

സ്വീകരിച്ച നടപടി

ഇത്തരക്കാർക്ക് ആവശ്യമായ പരിശീലനം നൽകാൻ സി.എഫ്.ആർ.ഡി. തയ്യാറാണ്.

**ശിപാർശ**

സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാര പരിശോധന നടത്തി സർട്ടിഫിക്കേഷൻ നൽകുന്നതിന് ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിന് പുറമേ സി.എഫ്.ആർ.ഡി യെ കൂടി ചുമതലപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

(ഖണ്ഡിക-19)

സ്വീകരിച്ച നടപടി

ഇത സംബന്ധിച്ച വിശദമായ നിർദ്ദേശം ലഭ്യമാക്കുവാൻ സി.എഫ്.ആർ.ഡി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഗവ.ഫ.നം.341/സി2/15/ഭസിസവ. തീയതി, 4.4.2015)

## 2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ധനാഭ്യർത്ഥന നം.XXX (ഭക്ഷ്യം) ന്റെ സൂക്ഷ്മ പരിശോധന സംബന്ധിച്ച സമിതിയുടെ 06.05.2015 ലെ യോഗത്തിലെ സമിതി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്

സമിതി നിർദ്ദേശം

ഫുഡ് പാർക്ക് നിർമ്മിക്കുന്നതിനായി നിശ്ചയിച്ചിരുന്ന 50 ഏക്കർ സ്ഥലം കോന്നി മെഡിക്കൽ കോളേജിനായി വിട്ടുകൊടുത്തിരിക്കുകയാണെന്നും സി.എഫ്.ആർ.ഡിയുടെ വകയായ 30 ഏക്കർ സ്ഥലത്ത് ഫുഡ് പാർക്ക്

നിർമ്മിക്കാമെന്ന് നിർദ്ദേശം സമർപ്പിച്ചുവെങ്കിലും പ്രസ്തുത സ്ഥലം അപര്യാപ്തമായതിനാൽ കേന്ദ്ര സർക്കാർ അനുമതി നിഷേധിച്ചിരിക്കുകയാണെന്നും സി.എഫ്.ആർ.ഡി. ഡയറക്ടർ സമിതിയെ അറിയിച്ചിരുന്നു. 30 ഏക്കർ സ്ഥലത്ത് വെർട്ടിക്കലായി ഫുഡ്പാർക്ക് നിർമ്മിക്കുന്നതിനുള്ള ഒരു പ്ലാൻ കൂടി സമർപ്പിച്ച് വീണ്ടും അനുമതി തേടണമെന്നും കൂടാതെ മെഡിക്കൽ കോളേജിനായി വിട്ടുകൊടുത്ത സ്ഥലം ഒഴിച്ചുള്ള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ സ്ഥലം ഫുഡ് പാർക്ക് നിർമ്മിക്കുന്നതിനായി ലഭ്യമാക്കുന്നതിന് ശ്രമിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വെർട്ടിക്കലായി ഫുഡ് പാർക്ക് നിർമ്മിക്കുന്നതിനുള്ള പ്ലാൻ സമർപ്പിക്കുന്നതിന് ഡ്യുവിൻ അഡ്വൈസേർസ് എന്ന കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 50 ഏക്കറിൽ കുറഞ്ഞ പ്രൊപ്പോസലുകൾ കേന്ദ്ര ഭക്ഷ്യ മന്ത്രാലയം സ്വീകരിക്കുന്നതല്ലെന്ന് കൺസൾട്ടന്റ് അറിയിച്ചിട്ടുണ്ട്. കൂടാതെ, ഐരവൺ വില്ലേജിലുള്ള കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഭൂമി സി.എഫ്.ആർ.ഡി. ഉദ്യോഗസ്ഥർ സന്ദർശിച്ചിരുന്നു. എന്നാൽ ഈ ഭൂമി സി.എഫ്.ആർ.ഡി.യുടെ ഭൂമിയിൽ നിന്നും ഏകദേശം 2 കി.മീ. ദൂരത്താണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ 50 ഏക്കർ തുടർ ഭൂമിയായി ലഭിക്കുകയില്ല. അതിനാൽ ഫുഡ് പാർക്ക് നിർമ്മാണം ഉദ്ദേശിച്ച തരത്തിൽ നടപ്പിലാക്കാൻ സാധിക്കുകയില്ല.

(ഗവ.റഫ.നം.341/സി2/15/ഭസിസവ തീയതി, 4.4.2015)

## <u>അദ്ധ്യായം -3</u>

<u>ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ</u>

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം236 (6) പ്രകാരം ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഭക്ഷ്യപൊതു വിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ 2014-15 സാമ്പത്തിക

വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ശ്രീ. അനൂപ് ജേക്കബും, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന സഹകരണ വകുപ്പിന്റെ 2014-15 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പ് മന്ത്രി ശ്രീ.സി.എൻ. ബാലകൃഷ്ണനും 2.12.2015-ൽ സഭയിൽ സമർപ്പിച്ചു.

എ.സി. മൊയ്തീൻ,<br>
ചെയർമാൻ,<br>
സബ്ജക്ട് കമ്മിറ്റി XI.

തിരുവനന്തപുരം,<br>
19.09.2016.

## അനുബന്ധം

## 28.04.2015- ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XI, 2015 ഏപ്രിൽ 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30.മണിക്ക് നിയമസഭാസമുച്ചയത്തിലെ 5 എ സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

**അംഗങ്ങൾ**

1. ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.
2. ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. ടോമിൻ ജെ.തച്ചങ്കരി ഐ.പി.എസ്, മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ് ഫെഡ് &കൺസ്യൂമർ ഫെഡ്.
2. ശ്രീ. പി.വേണുഗോപാൽ, സ്പെഷ്യൽ സെക്രട്ടറി & സെക്രട്ടറി-ഇൻ-ചാർജ്, സഹകരണ വകുപ്പ്
3. ശ്രീമതി എസ്.ലളിതാംബിക, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

4. ശ്രീ. വി.ഭൂഷൻ, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്.

5. ശ്രീമതി പി. വാസന്തി, ജോയിന്റ് സെക്രട്ടറി, സഹകരണ വകുപ്പ്.

6. ശ്രീ. വി. വിജയകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

7. ശ്രീ. വി.സനൽകുമാർ, സഹകരണ (ആഡിറ്റ്) വകുപ്പ്.

8. ഡോ.എസ്.രവീന്ദ്രൻ, ഡയറക്ടർ, കേപ്പ്

9. ശ്രീ. കെ.വി. സുരേഷ് ബാബു, അഡീഷണൽ രജിസ്ട്രാർ, സഹകരണ വകുപ്പ്.

10. ശ്രീ. സി. വിജയൻ, അഡീഷണൽ രജിസ്ട്രാർ O/o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

11. ശ്രീമതി ജെസിമോൾ ജോസഫ്, അഡീഷണൽ രജിസ്ട്രാർ, O/o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

12. ശ്രീ.വി. ഗോപാലകൃഷ്ണപിള്ള, ജോയിന്റ് രജിസ്ട്രാർ (മാർക്കറ്റിംഗ്)O/o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

13. ശ്രീ. പി. ജോൺ ജോസ്, ഡെപ്യൂട്ടി രജിസ്ട്രാർ (പ്ലാനിംഗ്) O/o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

14. ശ്രീമതി സോജ പ്രകാശം, അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്) O/o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

15. ശ്രീമതി കാഞ്ചന റ്റി, അസിസ്റ്റന്റ് രജിസ്ട്രാർ (ഫിനാൻസ്) രജിസ്ട്രാർ O/o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

16. ശ്രീ. മൊബിൻ സെബാസ്റ്റ്യൻ എ, ഫിനാൻസ് ഓഫീസർ, കേപ്പ്

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 16-ാം ഖണ്ഡിക സംബന്ധിച്ച് ധനകാര്യവകുപ്പിൽ നിന്ന് ലഭ്യമായ മറുപടി സംബന്ധിച്ച കുറിപ്പ് ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവച്ചു.

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXVII(സഹകരണം)ന്റെ സൂക്ഷ്മ പരിശോധന നടത്തി.

2015-16 സാമ്പത്തിക വർഷത്തിൽ സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് 350.81 കോടി രൂപയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് 12 കോടി രൂപയും ഉൾപ്പെടെ ആകെ 362.81 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്നും സംസ്ഥാന പദ്ധതിയിൽ 84.89 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്നും നബാർഡിന്റെ ടോക്കൺ പ്രൊവിഷൻ ഇത്തവണത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും ആയത് ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകുന്നതാണെന്നും സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.സി.ഡി.സി. യിലെ 45 കോടി രൂപയും ചേർത്ത് ആകെ 130.39 കോടി രൂപയാണ് പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ളതെന്നും പദ്ധതി വിഹിതമായ 130.39 കോടി രൂപയും പദ്ധതിയേതര ഇനമായ 232.42 കോടി രൂപയും ചേർത്ത് ആകെ 362.81 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXVII സഹകരണം

2425-00-003-89-(31)- സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം-സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 71,00,000 രൂപ (പ്ലാൻ)

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി ഒരു പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിനും ദേശീയ സഹകരണയൂണിയനുമായി ഉണ്ടാക്കിയ ഉടമ്പടി അനുസരിച്ച് കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിന് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള 50% വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 21 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-003-89-(04)(1)- സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം-യാത്രാ ചെലവുകൾ-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 4,00,000 രൂപ (പ്ലാൻ)

സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ്, നൂതന കണക്കെടുപ്പ് സമ്പ്രദായം, പദ്ധതി തയ്യാറാക്കൽ, വിലയിരുത്തൽ എന്നിവ ഉൾപ്പെടെ ഭരണ സംവിധാനത്തെക്കുറിച്ചുള്ള പരിശീലനത്തിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് യാത്രാചെലവ് ഇനത്തിൽ തുക അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-107-80- പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 8,99,60,000 രൂപ (പ്ലാൻ)

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നൽകുന്ന ധനസഹായം കഴിഞ്ഞ രണ്ട് വർഷങ്ങളിലായി വളരെയധികം വർദ്ധിച്ചിട്ടുള്ളതിനാൽ ഈ പദ്ധതിയുടെ കോർപ്പസ് ഫണ്ടിലേയ്ക്ക് കൂടുതൽ ധനസഹായം നൽകുന്നതിനും സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് ഉറപ്പ് നൽകുന്നതിനുള്ള നിക്ഷേപ ഉറപ്പ് പദ്ധതിയുടെ കോർപ്പസ് ഫണ്ടിലേക്ക് സർക്കാർ വിഹിതമായി ധനസഹായം അനുവദിക്കുന്നതിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 6 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4425-00-107-89 - പ്രാഥമിക കാർഷിക സംഘങ്ങൾക്ക് ഓഹരി മൂലധനം

ബഡ്ജറ്റ് വിഹിതം : 6,74,70,000 രൂപ (പ്ലാൻ)

ബാങ്കുകളുടെ സി.ആർ.എ.ആർ. നിലവാരം വർദ്ധിപ്പിക്കുന്നതിനും ഓഹരിമൂലധന അടിസ്ഥാനം ശക്തിപ്പെടുത്തുന്നതിനുമായി ജില്ലാ സഹകരണ ബാങ്കുകൾക്കും

പി.സി.എ.ആർ.ഡി.ബി കൾക്കും അർബൻ ബാങ്കുകൾക്കും നൽകുന്ന ഓഹരി മൂലധന സഹായം അനുവദിക്കുന്നതിനും 2015-2016 വർഷത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളായ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അംഗങ്ങൾ സംഘങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പയുടെ പലിശ തിരിച്ചു നൽകുന്നതിനുള്ള സഹായം അനുവദിക്കുന്നതിനും ഭവനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വായ്പാ പലിശയുടെ ഒരു ഭാഗം തിരികെ നൽകുന്നതിനായി സൊസൈറ്റികൾക്കുള്ള സഹായം അനുവദിക്കുന്നതിനും സ്വയംസഹായ സംഘങ്ങളിലൂടെ കാർഷിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രാഥമിക കാർഷിക സംഘങ്ങൾക്ക് സഹായം അനുവദിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 8 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6425-00-107-72 - പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 6,74,70,000 രൂപ (പ്ലാൻ)

2015-2016 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളായ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സൊസൈറ്റികൾ എടുത്ത വായ്പയുടെ പലിശ തിരിച്ചു നൽകുന്നതിനുള്ള സഹായം അനുവദിക്കുന്നതിനും ഭവനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വായ്പാ പലിശയുടെ ഒരു ഭാഗം തിരികെ നൽകുന്നതിനായി സൊസൈറ്റികൾക്കുള്ള സഹായം അനുവദിക്കുന്നതിനും സ്വയം സഹായ സംഘങ്ങളിലൂടെ കാർഷിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഓഹരികളായോ സബ്സിഡിയായോ പ്രാഥമിക കാർഷിക സംഘങ്ങൾക്ക് സഹായം അനുവദിക്കുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-67 - മറ്റു സഹകരണ സംഘങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 6,00,00,000 രൂപ (പ്ലാൻ)

4425-00-108-68 - മറ്റു വിഭാഗത്തിൽപ്പെടുന്ന പലവക സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 3,60,00,000 രൂപ (പ്ലാൻ)

6425-00-108-11 - മറ്റ് സഹകരണ സംഘങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 2,40,00,000 രൂപ (പ്ലാൻ)

അച്ചടി സംഘങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി സബ്സിഡി/ഓഹരി സഹായം, ചെറുകിട വ്യവസായം ആരംഭിക്കുന്നതിനായി വനിതാ സഹകരണ സംഘങ്ങൾക്കുള്ള സഹായം, സഹകരണ സംഘങ്ങൾ നടപ്പിലാക്കി വരുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കുള്ള സഹായം എന്നീ പുതിയ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ആയതിനാൽ സബ്സിഡിയിനത്തിൽ 2 കോടി രൂപയും ഓഹരിയിനത്തിൽ 1 കോടി രൂപയും വായ്പയിനത്തിൽ 1 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6425-00-108-10 - നബാർഡിന്റെ ആർ.ഐ.ഡി.എഫിന് കീഴിൽ സഹകരണ സംഘങ്ങൾക്കുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 7,00,00,000 രൂപ (പ്ലാൻ)

സഹകരണ ആശുപത്രിക്ക് നബാർഡ് 2014-15 വർഷം അനുവദിച്ച തുകയുടെ രണ്ടാം ഗഡു അനുവദിക്കുന്നതിന് 2015-16 ൽ അനുവദിച്ചിട്ടുള്ള ഏഴ് കോടി രൂപ അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-47(35)- പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമികൾക്കുള്ള ധനസഹായം - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം.

ബഡ്ജറ്റ് വിഹിതം : 8,50,00,000 രൂപ (പ്ലാൻ)

നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്ന മുട്ടത്തറയിലെയും വടക്കാഞ്ചേരിയിലെയും എഞ്ചിനീയറിംഗ് കോളേജുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4425-00-107-85- ജില്ലാസഹകരണ ബാങ്കുകൾക്കുവേണ്ടിയുള്ള ഓഹരി മൂലധനവിതരണം

ബഡ്ജറ്റ് വിഹിതം : ഇല്ല

സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധന പര്യാപ്തത നിശ്ചിത ശതമാനം പാലിക്കുന്നതിനായി സർക്കാർ അനുവദിച്ച ധനസഹായ തുക നൽകുന്നതിന് തത്തുല്യമായ നിക്ഷേപം സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രഷറിയിൽ നിക്ഷേപിച്ച തുകയായ 106.399 കോടി രൂപ മാത്രമാണ് സർക്കാർ പിൻവലിച്ച് നൽകിയിട്ടുള്ളത്. 2015-16 വർഷത്തിൽ ബാക്കി തുക ട്രഷറിയിൽ നിക്ഷേപിക്കുന്നമുറയ്ക്ക് ജില്ലാബാങ്കുകൾക്ക് നൽകുന്നതിനായി ബാക്കി തുകയായ 23.1010 കോടി രൂപ 2015-16 വർഷം ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4425-00-107-86 - കേരള സംസ്ഥാന സഹകരണ ബാങ്കിനുള്ള ഓഹരി മൂലധന വിഹിതം

ബഡ്ജറ്റ് വിഹിതം : ഇല്ല

സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തത നിശ്ചിത ശതമാനം പാലിക്കുന്നതിനായി സർക്കാർ അനുവദിച്ച ധനസഹായ തുക വിനിയോഗിക്കുന്നതിന്

തത്തുല്യമായ നിക്ഷേപം സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ 2015-16 വർഷത്തിൽ ടി തുക ട്രഷറിയിൽ നിക്ഷേപിക്കുന്നതിനായി 70 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4425-00-001-99- സഹകരണ ആസ്ഥാനവും മറ്റ് സ്ഥാപനങ്ങളും

ബഡ്ജറ്റ് വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം പണിയുന്നതിന് ലഭിച്ച സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. 2014-15 സാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തണമെന്ന് അപേക്ഷിച്ചിരുന്നുവെങ്കിലും 4425-00-001-99 എന്ന ശീർഷകത്തിൽ 3 കോടി രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. 27.03.2015 ലെ ജി.ഒ.(ആർ.റ്റി.)നം.2856/2015/ഹിൻ ഉത്തരവ് പ്രകാരം 2425-001-87 എന്ന സബ്സിഡി ശീർഷകം അനുവദിക്കുകയും 28/3/2015 ലെ ജി.ഒ.(ആർ.റ്റി.) നം.2892/2015/ഹിൻ ഉത്തരവ് പ്രകാരം 3 കോടി രൂപ സബ്സിഡി ശീർഷകത്തിലേയ്ക്ക് മാറ്റുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആകെ ആവശ്യപ്പെട്ട 20 കോടി രൂപയിൽ 6 കോടി രൂപ കഴിച്ചുള്ള തുകയായ 14 കോടി രൂപയും ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 3 കോടി രൂപയും ഉൾപ്പെടെ ആകെ 17 കോടി രൂപ 2425-001-87 എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4425-00-107-99(02)- അപ്പക്സ് ബാങ്കുകൾ, സെൻട്രൽ ബാങ്കുകൾ, നിക്ഷേപങ്ങൾ (കേന്ദ്ര വിഹിതം 100%)

ബഡ്ജറ്റ് വിഹിതം : ഇല്ല

2015-2016 സാമ്പത്തികവർഷത്തേയ്ക്ക് തുക (ടോക്കൺ പ്രൊവിഷൻ) വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിപ്രകാരം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് 4 കോടി രൂപയുടെ സഹായം അനുവദിക്കുന്നതിന് 2014-15 ൽ സർക്കാർ അനുമതി ലഭിച്ചുവെങ്കിലും തുക എസ്.ഡി.ജി. മുഖേന

വകയിരുത്താത്തതിനാൽ ബാങ്കിന് തുക അനുവദിക്കുവാൻ കഴിഞ്ഞില്ല. ആയതിനാൽ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4425-00-107-98(02) - സർവ്വീസ് സഹകരണ സംഘങ്ങൾ നിക്ഷേപങ്ങൾ (കേന്ദ്രവിഹിതം 100%)

ബഡ്ജറ്റ് വിഹിതം : ഇല്ല

4425-00-107-97(02) - പ്രാഥമിക ഭൂപണയ ബാങ്കുകൾ നിക്ഷേപങ്ങൾ (കേന്ദ്രവിഹിതം 100%)

ബഡ്ജറ്റ് വിഹിതം : ഇല്ല

2015-16 സാമ്പത്തിക വർഷം തുക (ടോക്കൺ പ്രൊവിഷൻ) വകയിരുത്തിയിട്ടില്ല. ആയത് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-51 - പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി)

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (പ്ലാൻ)

4425-00-108-42 - പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി)

ബഡ്ജറ്റ് വിഹിതം : 8,63,99,000 രൂപ (പ്ലാൻ)

6425-00-108-19 - പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള സഹായം (എൻ. സി. ഡി. സി. പദ്ധതി)

ബഡ്ജറ്റ് വിഹിതം : 9,36,00,000 രൂപ (പ്ലാൻ)

ആശുപത്രി സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ

സഹകരണ സംഘങ്ങൾ മുതലായവയ്ക്ക് ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതി പ്രകാരം 3900 ലക്ഷം രൂപ വകയിരുത്തണമെന്ന് അപേക്ഷിച്ചിരുന്നുവെങ്കിലും 1800 ലക്ഷം രൂപ മാത്രമാണ് ഓഹരി, വായ്പ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ളത് എന്ന് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. എൻ. സി. ഡി. സി. ധനസഹായം ലഭിച്ചതും വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചു വരുന്നതുമായ പ്രോജക്ടുകൾക്ക് രണ്ടാം ഗഡു ധനസഹായം അനുവദിക്കുന്നതിനും 2015-16 സാമ്പത്തിക വർഷത്തിൽ പുതുതായി സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതിയിനത്തിൽ ആകെ 2100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4425-00-108-71 - പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം

ബഡ്ജറ്റ് വിഹിതം : 7,50,00,000 രൂപ (പ്ലാൻ)

തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഐ.സി.ഡി.പി. യുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 2.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6425-00-108-74 - സംയോജിത സഹകരണ വികസന പദ്ധതി (എൻ.സി.ഡി.സി. സഹായം)

ബഡ്ജറ്റ് വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഐ. സി. ഡി. പി. യുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 2.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്ന താഴെപ്പറയുന്ന പദ്ധതികൾക്കായി പുതിയ ശീർഷകം നൽകുകയും തുക

വകയിരുത്തുകയും ചെയ്യേണ്ടതാണെന്ന് സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധ സംബന്ധിച്ച നാലാമത് റിപ്പോർട്ടിലൂടെ ശിപാർശ ചെയ്തിരുന്നു. എന്നാൽ 2014-15 വർഷം തുക വകയിരുത്തുകയുണ്ടായില്ല. ആയതിനാൽ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ താഴെപ്പറയുന്ന പദ്ധതികൾക്കായി പുതിയ ശീർഷകം നൽകി തുക വകയിരുത്തണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യു.

<u>കാർഷികോൽപ്പന്ന വിപണനത്തിന് സംഘങ്ങൾക്ക് 5 ലക്ഷം രൂപ വരെ പലിശ രഹിത വായ്പ.</u>

കാർഷികോൽപ്പന്നങ്ങൾ കർഷകർക്കും ഉപഭോക്താക്കൾക്കും പ്രയോജനപ്രദ-മാകുംവിധം വിപണനം നടത്തുന്നതിന് വികസന ബ്ലോക്കുകൾ തോറും കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കുമെന്നും ഇത്തരം സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും കാർഷികോൽപ്പന്നങ്ങൾ സമാഹരിക്കുന്നതിനും അവ ഗുണമേന്മ നഷ്ടപ്പെടാതെ സമയബന്ധിതമായി വിപണിയിലെത്തിച്ച് വിപണനം നടത്തുന്നതിനും 5 ലക്ഷം രൂപ വരെ 3 വർഷത്തേക്ക് പലിശരഹിത വായ്പ നൽകുമെന്ന് 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ആയതിന് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയതിലേക്ക് 10 കോടി രൂപ വകയിരുത്തുന്നതാണെന്ന് 2014-15 ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതായി സമിതി കണ്ടെത്തി. ഈ സാഹചര്യത്തിൽ ടി തുക നടപ്പ് സാമ്പത്തിക വർഷം പുതിയ ശീർഷകം നൽകി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

<u>കേരള സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ</u>

മാർക്കറ്റ് ഫെഡിന് 35 കോടി രൂപ 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതായി പ്രഖ്യാപിച്ചിരുന്നുവെങ്കിലും തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി തുക 2015-16 സാമ്പത്തിക വർഷം പുതിയ ശീർഷകം നൽകി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-107-72-(33) - സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി/സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

2011-12 സാമ്പത്തിക വർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി 32 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും 2015-16 ലെ വിഹിതം ഉൾപ്പെടെ 6 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. തുടർ പദ്ധതി ആയതിനാൽ ഈയിനത്തിൽ 26 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2425-00-108-47(31) - പ്രൊഫഷണൽ എഡ്യൂക്കേഷനു വേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം - സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 3,05,10,000 രൂപ (നോൺ പ്ലാൻ)

കേപ്പിന് ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതി നിക്ഷേപം നടത്തുന്നതിനും പ്രസ്തുത നിക്ഷേപ തുകയുടെ 25% ഗ്രാന്റായി കേപ്പിന് സർക്കാർ നൽകുന്നതിനും വ്യവസ്ഥയുണ്ടായിരുന്നു. ഈയിനത്തിൽ കേപ്പിന് ബാക്കി നൽകാനുണ്ടായിരുന്ന 32.69 കോടി രൂപയിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 29.639 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2425-00-108-80 - ഉത്സവചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 15,00,00,000 രൂപ (നോൺ പ്ലാൻ)

2015-16 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ നടത്തി വരുന്ന ഉത്സവ ചന്തകൾ സുഗമമായി നടത്തുന്നതിന് വേണ്ടി 15 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. കൺസ്യൂമർ ഫെഡറേഷന് സർക്കാർ സബ്സിഡിയോടുകൂടി നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തിയ ഇനത്തിൽ 115.4572 കോടി രൂപ ലഭിക്കുവാനുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന്

പുറമേ 100.4572 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

കൺസ്യൂമർ ഫെഡറേഷൻ സ്വന്തം സബ്സിഡിയോടെ നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിയ ഇനത്തിൽ 294.955 കോടി രൂപ കൂടി ലഭിക്കുവാനുണ്ടെന്നും പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കുന്നതിനായി രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കൺസ്യൂമർ ഫെഡ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഇത്തരം പ്രതിസന്ധി ഒഴിവാക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയ്യുന്നതുപോലെ ഒരു മാർക്കറ്റ് പ്ലാൻ സ്ട്രാറ്റജി കൺസ്യൂമർ ഫെഡറേഷനും തയ്യാറാക്കാവുന്നതാണെന്ന് സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

2425-00-101-92-(21)-(2) - ഡയറക്ടറേറ്റ് ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ് - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് ഓഫീസിന്റെ ഉപയോഗത്തിനായി നൽകിയിട്ടുള്ള 2 വാഹനങ്ങളും വളരെയേറെ കാലപ്പഴക്കം ഉള്ളതാകയാൽ ഇവയുടെ അറ്റകുറ്റപ്പണി നടത്തി ഉപയോഗക്ഷമമാക്കുന്നതിനായി ബഡ്ജറ്റ് വിഹിതത്തിന് പുറമേ 75,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2425-00-101-92-(34) - ഡയറക്ടറേറ്റ് ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ് - മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 1,50,000 രൂപ (നോൺ പ്ലാൻ)

ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി-2013 ൽ ഏർപ്പെട്ടിരുന്ന നിലവിലുള്ള ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും പ്രതിഫലം നൽകുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നുവെന്നും ടി പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ 5.36 കോടി രൂപ ചെലവഴിച്ചതായും സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ധനപുനർവിനിയോഗം വഴിയും അഡീഷണൽ ആതറൈസേഷൻ വഴിയും രണ്ട് ഘട്ടങ്ങളിലായി ആകെ 126.05 ലക്ഷം രൂപ ഈയിനത്തിൽ നൽകിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പ്രതിഫലത്തിന്റെ ബാക്കി നൽകുന്നതിന് നിലവിലെ ബഡ്ജറ്റ്

വിഹിതത്തിനു പുറമേ 4.1005 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-001-98-(06) - ജില്ലാ ഭരണം - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 20,00,000 രൂപ (നോൺ പ്ലാൻ)

സഹകരണ വകുപ്പിന്റെ ജനറൽ വിഭാഗം ജില്ലാ ഓഫീസുകളുടെ വാടക, കഴിഞ്ഞ വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതത്തിലെ അപര്യാപ്തത മൂലം 42.32 ലക്ഷം രൂപ കുടിശ്ശികയായിരിക്കുകയാണെന്ന് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ സമിതി മുമ്പാകെ അറിയിച്ചു. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 42.32 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-101-99-(06) - സഹകരണ സംഘങ്ങളുടെ ആഡിറ്റ് - ജനറൽ - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 2,00,000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരത്തുള്ള സഹകരണ സംഘം ജോയിന്റ് ഡയറക്ടറുടെ ആഫീസിന്റെ മുൻവർഷത്തെ വാടക കുടിശ്ശിക നൽകുന്നതിനായി ബഡ്ജറ്റ് വിഹിതത്തിനു പുറമേ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സമിതിയുടെ അടുത്ത യോഗങ്ങൾ 06.05.2015, 13.05.2015 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് ചേരുന്നതിന് തീരുമാനിച്ചു.

സമിതി രാവിലെ 11.45 ന് യോഗം പിരിഞ്ഞു.

## 6.5.2015-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XI, 2015 മെയ് 6-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 എ സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ഭക്ഷ്യവും

സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.
2. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ജി. കമലവർദ്ധന റാവു, സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ വകുപ്പ്.
2. ഡോ.വി.കെ.ബേബി ഐ.എ.എസ്, ഡയറക്ടർ, സിവിൽ സപ്ലൈസ് വകുപ്പ്.
3. ശ്രീ. എ.ടി. ജയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ
4. ഡോ. എം.കെ. മുകുന്ദൻ, ഡയറക്ടർ, കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്.
5. ശ്രീമതി ശ്രീലത എം.പി., സെക്രട്ടറി-ഇൻ-ചാർജ്, ഡി.ഡി.ആർ.സി.
6. ശ്രീ.വി.കെ. ബാഹുലേയൻ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്.
7. ശ്രീ. വി. വിജയകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
8. ശ്രീമതി ശൈല പി.എ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
9. ശ്രീ. ആന്റണി ലിയോ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.
10. ശ്രീ. വി. സുന്ദരം, ഡെപ്യൂട്ടി സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ വകുപ്പ്.
11. ശ്രീ. റെജി ജോൺ, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്.

12. ശ്രീ. വി.പി. കുട്ടിശങ്കരൻ, ചീഫ് അക്കൗണ്ട്സ് ഓഫീസർ,

സിവിൽ സപ്ലൈസ് വകുപ്പ്.

13. ശ്രീ. എസ്. മോഹനൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സി.എഫ്.ആർ.ഡി.

സമിതി 2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ധനാഭ്യർത്ഥന XXX (ഭക്ഷ്യം) ന്റെ സൂക്ഷ്മ പരിശോധന നടത്തുകയും 2014-15 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 9, 13, 14 എന്നീ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് പരിഗണിക്കുകയും ചെയ്തു.

2014-2015 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് പദ്ധതിയിനത്തിൽ 20 കോടി രൂപയാണ് വകയിരുത്തിയിരുന്നതെന്നും എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ 5 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളുവെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി അനുവദിച്ച 18 കോടി രൂപയിൽ 10 കോടി രൂപ ദേശീയ ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കമ്പ്യൂട്ടറൈസേഷന് വേണ്ടിയാണെന്ന് സെക്രട്ടറി അറിയിച്ചു. വിവിധ സബ്സിഡികൾ, സബ്സിഡി ഇനത്തിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യക്ക് നൽകാനുള്ള തുക, വിപണി ഇടപെടൽ പദ്ധതിയുമായി ബന്ധപ്പെട്ട് സപ്ലൈകോയ്ക്ക് നൽകാനുള്ള തുക മുതലായവ ഉൾക്കൊള്ളിച്ചാണ് പദ്ധതിയേതരയിനത്തിൽ 799 കോടി രൂപ വകയിരുത്തിയിരിക്കുന്നതെന്നും പദ്ധതി വിഹിതമായി അനുവദിച്ച 18 കോടി രൂപ ഈ സാമ്പത്തിക വർഷത്തേയ്ക്ക് തികയുകയില്ലെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. 14000 റേഷൻ കടകളുടെ കമ്പ്യൂട്ടർ വൽക്കരണവുമായി ബന്ധപ്പെട്ട് മാത്രം 114 കോടി രൂപ കൂടി ആവശ്യമുണ്ടെന്നും ഇതൊരു സെൻട്രലി സ്പോൺസേർഡ് സ്കീമാണെങ്കിലും സംസ്ഥാന ബഡ്ജറ്റിൽ പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തേണ്ടതുണ്ടെന്നും ആയതിലേയ്ക്കാണ് 50 കോടി രൂപ ആവശ്യപ്പെടുന്നതെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

2408-01-101-98-(33) <u>റേഷൻ അരിയുടെയും ഗോതമ്പിന്റെയുംവിലയിലുണ്ടായ അന്തരംഫുഡ്കോർപ്പറേഷന് മടക്കികൊടുക്കൽ സബ്സിഡികൾ.</u>

ബഡ്ജറ്റ് വിഹിതം : 449,57,00,000 രൂപ (നോൺ പ്ലാൻ)

2015 - 2016 സാമ്പത്തിക വർഷം ഭക്ഷ്യ സബ്സിഡി നൽകുന്നതിന് 438.24 കോടി രൂപയും, റേഷൻ മൊത്ത/ചില്ലറ വ്യാപാരികളുടെ കമ്മീഷൻ നൽകുന്നതിനായി 97.78 കോടി രൂപയും, 2014-15 സാമ്പത്തിക വർഷം റേഷൻ വ്യാപാരികൾക്കുള്ള പ്രതീക്ഷിത കടിശ്ശിക നൽകുന്നതിന് 31.85 കോടി രൂപയും, 2014 - 15 സാമ്പത്തിക വർഷം സപ്ലൈകോയ്ക്കുള്ള കടിശ്ശിക നൽകുന്നതിന് 30.49 കോടി രൂപയും ഉൾപ്പെടെ ആകെ 598.36 കോടി രൂപ ആവശ്യമുണ്ടെന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറി അറിയിച്ചു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 148.79 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു. ഡീലേഴ്സ് കമ്മീഷന് വേണ്ട തുക 97.78 കോടി രൂപയാണോ എന്ന് ഒന്ന്കൂടി പരിശോധിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

2408-01-101-96-(33) - <u>കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ - സബ്സിഡികൾ</u>

ബഡ്ജറ്റ് വിഹിതം : 190,00,00,000 രൂപ(നോൺ പ്ലാൻ)

നെല്ലുൽപ്പാദനം മെച്ചപ്പെട്ടതിനാലും നെല്ലിന്റെ സംഭരണവില രാജ്യത്തെ ഏറ്റവും മികച്ചതായതിനാലും 2015-16 സാമ്പത്തിക വർഷം സംഭരണം കൂടുമെന്ന് പ്രതീക്ഷിക്കുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ഏകദേശം 5.5 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നെല്ലിന്റെ സംഭരണ വില

കിലോഗ്രാമിന് 19 രൂപയാണ്. ഇതിൽ കിലോഗ്രാമിന് 5 രൂപ 40 പൈസ നിരക്കിൽ സംസ്ഥാന വിഹിതമായി നൽകിയാണ് നെല്ല് സംഭരണം നടത്തുന്നത്. 2014-15 സാമ്പത്തിക വർഷം നെല്ല് സംഭരിച്ച വകയിൽ 210 കോടി രൂപ സപ്ലൈകോയ്ക്ക് നൽകുവാനുണ്ട്. ആകെ 507 കോടി രൂപ ഈ ശീർഷകത്തിൽ ആവശ്യമുണ്ടെന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത പദ്ധതിക്കായി 300 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആകെ 190 കോടി രൂപ മാത്രമാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി 317 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു. ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പറയുന്ന തുക അനുവദിക്കണമെന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പിൽ നിന്നും ഒരിക്കൽക്കൂടി ഓർമ്മക്കുറിപ്പ് അയയ്ക്കുവാനും അതിനുശേഷവും തുക ലഭ്യമായില്ലെങ്കിൽ സമിതിയുടെ വിയോജിപ്പ് രേഖപ്പെടുത്താമെന്നും സമിതി തീരുമാനിച്ചു.

2408-01-101-95-(34) - <u>അന്ത്യോദയ അന്നയോജന പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട ഭക്ഷ്യ ധാന്യങ്ങൾ വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും മറ്റ്ചെലവുകളും</u>

ബഡ്ജറ്റ് വിഹിതം : 12,00,00,000 രൂപ (നോൺ പ്ലാൻ)

പ്രസ്തുത പദ്ധതി പ്രകാരം കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിനുള്ള കടത്തുകൂലി, കൈകാര്യച്ചെലവ് മുതലായവ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഇതിനു പുറമേ റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ ക്വിന്റലിന് പരമാവധി 100/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2,50,260 മെട്രിക് ടൺ അരിയാണ് ഒരു വർഷം അനുവദിക്കുന്നത്. ഇതു പ്രകാരം 2015 - 16 സാമ്പത്തിക വർഷം റേഷൻ മൊത്ത വ്യാപാരികൾക്ക് 9,40,56,000 രൂപയും റേഷൻ ചില്ലറ വ്യാപാരികൾക്ക് 20,64,65,000 രൂപയും കമ്മീഷൻ ഇനത്തിൽ നൽകേണ്ടതുണ്ട്. കൂടാതെ

14,20,23,000 രൂപ മുൻവർഷത്തെ കടിശ്ശികയായും നൽകേണ്ടതുണ്ട്. എ.എ.വൈ. പദ്ധതിക്കായി ആകെ ലഭിക്കേണ്ട 44.2544 കോടി രൂപയിൽ 12 കോടി രൂപ മാത്രമാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 32.2544 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-102-99-(33) - <u>കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്- സബ്സിഡികൾ</u>

ബഡ്ജറ്റ് വിഹിതം : 65,00,00,000 രൂപ (നോൺപ്ലാൻ)

കമ്പോളത്തിലെ അവശ്യവസ്തുക്കളുടെ വില നിയന്ത്രണം നടത്തുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, ശബരി സൂപ്പർ മാർക്കറ്റുകൾ,ശബരി സ്റ്റോറുകൾ, ഹൈപ്പർ മാർക്കറ്റുകൾ, ചില്ലറ മരുന്ന് വിൽപ്പന ശാലകൾ ഇടങ്ങിയവ നടത്തി വരുന്നു. ഇതിനായി 70 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിരുന്നത്. വിപണി ഇടപെടൽ പദ്ധതിക്ക് പ്രതിമാസം ശരാശരി 30 കോടി രൂപയും ഓണക്കാലത്ത് ബി.പി.എൽ കിറ്റ് വിതരണത്തിനായി ഏകദേശം 20 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത ഇനത്തിൽ 386 കോടി രൂപ ലഭ്യമായാൽ മാത്രമേ പദ്ധതി വിജയകരമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുകയുള്ളുവെന്ന് ഭക്ഷ്യ വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. 2015 - 16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ടി പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആകെ 65 കോടി രൂപ മാത്രമാണ് പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 321 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-800-99- <u>ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കൽ</u>

ബഡ്ജറ്റ് വിഹിതം : 10,32,40,000 രൂപ (നോൺ-പ്ലാൻ)

പ്രസ്തുത ശീർഷകത്തിൽ കൂടുതൽ തുക ആവശ്യപ്പെട്ടിട്ടില്ല. ഉപഭോക്തൃ സംരക്ഷണവുമായി ബന്ധപ്പെട്ട് വരുന്ന ചെലവുകൾക്ക് കേന്ദ്രത്തിൽ നിന്ന് ലഭ്യമായിരിക്കുന്ന തുക എത്രയാണെന്നും അതിൽ എന്ത് തുക വിനിയോഗിച്ചുവെന്നുമുള്ള കണക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

4408-01-101-95- <u>റേഷൻ കാർഡ് പുതുക്കൽ</u>

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

ദേശീയ ഭക്ഷ്യ സുരക്ഷാനിയമം, 2013 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ റേഷൻ കാർഡുകൾ പുതുക്കുന്നതിനായി 33 കോടി രൂപയുടെ ഭരണാനുമതി 2014 – 15 സാമ്പത്തിക വർഷം ലഭ്യമായിരുന്നു. 2014 -15 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ അനുവദിച്ച 13 കോടി രൂപയിൽ 12 കോടി രൂപ നിലവിലെ റേഷൻകാർഡുകൾ പുതുക്കുന്നതിനായി വിനിയോഗിക്കുകയും ബാക്കി 1 കോടി രൂപ റേഷൻ കാർഡുകൾ അച്ചടിച്ച് നൽകിയ വകയിൽ സി-ഡിറ്റിനു നൽകാനുള്ള കുടിശ്ശിക നൽകുന്നതിനായി വിനിയോഗിക്കുകയും ചെയ്തു. ഭരണാനുമതി ലഭിച്ച 33 കോടി രൂപയിൽ 2014-15 സാമ്പത്തിക വർഷം ലഭ്യമായ 12 കോടി രൂപയും 2015- 16 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 1 കോടി രൂപയും ഉൾപ്പെടെ 13 കോടി രൂപ മാത്രമാണ് ആകെ ലഭ്യമായിട്ടുള്ളത്. ആയതിനാൽ ബാക്കി 20 കോടി രൂപ അനുവദിച്ച് കിട്ടേണ്ടതുണ്ട്.

റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് ഫോട്ടോ ക്യാമ്പുകൾ സംഘടിപ്പിക്കൽ, മൊബൈൽ ഫോട്ടോയൂണിറ്റ്, റേഷൻ കാർഡുകൾ അച്ചടിച്ച് ലാമിനേറ്റ് ചെയ്ത് ഓഫീസുകളിൽ എത്തിക്കുന്നതിനുള്ള ചെലവ്, ഡാറ്റാ എൻട്രി,

സോഷ്യൽ ഓഡിറ്റിംഗ്, പരസ്യം, സി-ഡിറ്റ്/ കെൽട്രോൺ എന്നിവയ്ക്കുള്ള കടിശ്ശിക തുടങ്ങിയ ഇനങ്ങളിലായി ആകെ 28.2402 കോടി രൂപയും, ഭരണാനുമതി ലഭിച്ച 33 കോടി രൂപയിൽ ബാക്കി ലഭിക്കുവാനുള്ള 20 കോടി രൂപയും ഉൾപ്പെടെ ആകെ 48.2402 കോടി രൂപ ബഡ്ജറ്റ് വിഹിതത്തിന് പുറമേ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-004-99- <u>കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം :5,50,00,000 രൂപ (പ്ലാൻ)

പത്തനംതിട്ട ജില്ലയിലെ കോന്നി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിനോട് അനുബന്ധിച്ചുള്ള ഭക്ഷ്യ ഗുണനിലവാര നിരീക്ഷണ ലബോറട്ടറിയുടെ ശാക്തീകരണം, ഔഷധ പരിശോധന ലബോറട്ടറി സ്ഥാപിക്കൽ, എറണാകുളത്ത് ശീതീകരണ സംഭരണിയും പച്ചക്കറി-പഴവർഗ്ഗങ്ങളുടെ നിർജ്ജലീകരണ യൂണിറ്റും സ്ഥാപിക്കൽ എന്നിവയ്ക്കു വേണ്ടിയാണ് നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിൽ തുക വകകൊള്ളിച്ചിരിക്കുന്നത്. സ്കൂൾ ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റ്, ഫുഡ് പാർക്ക്, പച്ചക്കറി-പഴവർഗ്ഗങ്ങളുടെ നിർജ്ജലീകരണ യൂണിറ്റ് എന്നിവയുടെ പ്രവർത്തനങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥൻ അറിയിച്ചു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 14.65 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സി.എഫ്.ആർ.ഡി.യിൽ ഫുഡ് പാർക്ക് നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നിഷേധിച്ചിരിക്കുകയാണെന്നും ഇതിനായി നിശ്ചയിച്ചിരുന്ന 50 ഏക്കർ സ്ഥലം കോന്നി മെഡിക്കൽ കോളജിനായി വിട്ടുകൊടുത്തിരിക്കുകയാണെന്നും സി.എഫ്.ആർ.ഡി.യുടെ വകയായ 30 ഏക്കർ സ്ഥലത്ത് ഫുഡ് പാർക്ക് നിർമ്മിക്കാമെന്ന് നിർദ്ദേശിച്ചുവെങ്കിലും ഫുഡ് പാർക്ക് നിർമ്മിക്കുന്നതിന് 50 ഏക്കർ സ്ഥലം വേണമെന്ന നിബന്ധന മൂലം അനുമതി

നിഷേധിച്ചിരിക്കുകയാണെന്നും സി.എഫ്.ആർ.ഡി. ഡയറക്ടർ സമിതിയെ അറിയിച്ചു. ഫുഡ് പാർക്ക് നിർമ്മാണത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ച 2 കോടി രൂപ ഉപയോഗിച്ച് സി.എഫ്.ആർ.ഡിക്ക് പുറമതിൽ നിർമ്മിച്ചുകൊണ്ടിരിക്കുകയാണെന്നും ഈ വർഷത്തെ ബഡ്ജറ്റിലും ഒരു കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഈ സാഹചര്യത്തിൽ 30 ഏക്കറിൽ വെർട്ടിക്കലായി ഫുഡ് പാർക്ക് നിർമ്മിക്കുന്നതിനുള്ള ഒരു പ്ലാൻ കൂടി സമർപ്പിച്ച് വീണ്ടും അനുമതി നേടണമെന്നും കൂടാതെ മെഡിക്കൽ കോളേജിന് വിട്ടുകൊടുത്ത സ്ഥലം ഒഴിച്ചുള്ള അഗ്രിക്കൽച്ചറൽ യൂണിവേഴ്സിറ്റിയുടെ സ്ഥലം ഫുഡ്പാർക്ക് നിർമ്മിക്കുന്നതിനായി ലഭ്യമാക്കുന്നതിന് ശ്രമിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതിയുടെ 2014-15 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 9,13,14 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പിൽ നിന്ന് ലഭിച്ച റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അടുത്ത യോഗങ്ങൾ 13.5.2015, 27.5.2015 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് ചേരുവാൻ തീരുമാനിച്ചു.

സമിതി വൈകുന്നേരം 4.00 മണിക്ക് യോഗം പിരിഞ്ഞു.

## 13.05.2015- ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XI, 2015 മേയ് 13-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാസമുച്ചയത്തിലെ 4 ബി സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രിയുമായ ശ്രീ. സി.എൻ. ബാലകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

**അംഗങ്ങൾ**

1. ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.
2. ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XI ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അടുത്ത യോഗം 2015 മേയ് 27-ാം തീയതി തിരുവനന്തപുരത്ത് ചേരുന്നതിന് തീരുമാനിച്ചു.

സമിതി ഉച്ചയ്ക്കുശേഷം 3.00 മണിക്ക് യോഗം പിരിഞ്ഞു.

## 3.6.2015 ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XI, 2015 ജൂൺ 3-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.
2. ശ്രീ. കെ. കെ. നാരായണൻ, എം.എൽ.എ.

നിയമസഭാസെക്രട്ടേറിയറ്റ്

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ജി. കമലവർദ്ധന റാവു, സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്.
2. ശ്രീ. പി. വേണുഗോപാൽ, സ്പെഷ്യൽ സെക്രട്ടറി & സെക്രട്ടറി-ഇൻ-ചാർജ്, സഹകരണവകുപ്പ്.
3. ശ്രീ. എ. റ്റി. ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ.
4. ശ്രീമതി എസ്. ലളിതാംബിക, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

5. ശ്രീ. വി. ഭൂഷൻ, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്.

6. ഡോ. എസ്. രത്നകുമാർ, മാനേജിംഗ് ഡയറക്ടർ, റബ്ബർ മാർക്ക്.

7. ശ്രീ.കെ.വി. സുമേഷ്ബാബു, അഡീഷണൽ രജിസ്ട്രാർ, O\o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

8. ശ്രീ. സി. വിജയൻ, അഡീഷണൽ രജിസ്ട്രാർ, O\o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

9. ശ്രീ. വി. സനിൽകുമാർ, അഡീഷണൽ രജിസ്ട്രാർ, O\o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

10. ശ്രീമതി കുമാരികല, ജോയിന്റ് രജിസ്ട്രാർ, O\o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

11. ശ്രീമതി കെ. ബി. അനിതകുമാരി, ഡെപ്യൂട്ടി സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ വകുപ്പ്.

12. ശ്രീമതി കാഞ്ചന റ്റി, അസിസ്റ്റന്റ് രജിസ്ട്രാർ (ഫിനാൻസ്), O\o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

13. ശ്രീ. ജോണിജോസ്, പ്രൊക്യൂവർമെന്റ് ഓഫീസർ, സപ്ലൈകോ.

സമിതി, വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, റബ്കോ, റബ്ബർമാർക്ക് എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച കുറിപ്പ്, 2014-15 ലെ പീരിയോഡിക്കൽ റിപ്പോർട്ട്, ആക്ഷൻടേക്കൺ റിപ്പോർട്ട് എന്നിവ പരിഗണിക്കുകയും സമിതി ആരാഞ്ഞ അധികവിവരം ലഭ്യമാക്കാത്തതു സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 16-ാം ഖണ്ഡികയിലെ

ശിപാർശയിന്മേൽ ധനകാര്യവകുപ്പിൽ നിന്ന് ലഭിച്ച മറുപടി സംബന്ധിച്ച വിഷയം പ്രസ്തുത വകുപ്പിൽ നിന്ന് ഉദ്യോഗസ്ഥർ ആരും ഹാജരാകാത്തതിനാൽ പരിഗണിച്ചില്ല.

(ഫയൽ നം.2743/സബ്.സി.ജി1/13/നി.സെ.)

റബ്കോ, റബ്ബർമാർക്ക് എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച് സഹകരണ വകുപ്പിൽ നിന്ന് ലഭിച്ച കുറിപ്പ് സംബന്ധിച്ച് സമിതി വിശദമായി ചർച്ച നടത്തി. റബ്കോയുടെ കീഴിൽ പത്ത് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയിൽ നാല് യൂണിറ്റുകൾ പ്രവർത്തനമൂലധനം പോലും കണ്ടെത്താനാകാത്തവയാണെന്നും നിലവിൽ 4.43 കോടി രൂപ പ്രവർത്തനലാഭം ലഭ്യമാകുന്നുണ്ടെന്നും സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. റബ്കോയുടെ മൊത്തം ടേൺഓവർ 120 കോടി രൂപയാണെന്നും ഡെറ്റ് സർവ്വീസിംഗിന് 69 കോടി രൂപ വേണമെന്നും ആകെ നഷ്ടം 600 കോടി രൂപയാണെന്നും വകുപ്പ് ഉദ്യോഗസ്ഥൻ അറിയിച്ചു. 4.43 കോടി രൂപ പ്രവർത്തന ലാഭമുണ്ടെങ്കിലും ഓരോയൂണിറ്റും പ്രത്യേകം തരം തിരിച്ച് നോക്കിയപ്പോഴാണ് ദി ട്രെഡ് റബ്ബർ ഫാക്ടറി, റൂഫാസ്, റബ്കോ സെയിൽസ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, ഹവായ് ചപ്പൽ ഷൂ ഫാക്ടറി എന്നീ 4 യൂണിറ്റുകൾ ഇപ്പോഴും പ്രതിസന്ധിയിലാണെന്ന് മനസ്സിലായതെന്നും ഇതു സംബന്ധിച്ച് പ്രത്യേകം പഠനം നടത്തി റീസ്ട്രക്ചർ ചെയ്യേണ്ടി വരുമെന്നും സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ ട്രെഡ് റബ്ബർ ഫാക്ടറി ഒഴികെയുള്ളവ ലാഭത്തിൽ കൊണ്ടുവരുവാൻ സാധിക്കുമെന്നും പലിശയും പിഴപ്പലിശയും ചേർന്ന് കടം ഉയർന്നുകൊണ്ടിരിക്കുകയാണെന്നും പ്രസ്തുത തുക തിരിച്ചടയ്ക്കാൻ സാധിക്കില്ലെന്നും ഇത് ബാങ്കുകളുടെ എൻ.പി.എ. വർദ്ധിക്കുന്നതിന് കാരണമാകുമെന്നും എറണാകുളം ജില്ലാ സഹകരണബാങ്കിന്റെ എൻ.പി.എ. 9.6% ആണെന്നും എൻ.പി.എ. യുടെ അനുവദനീയമായ പരിധി 5% ആണെന്നും ആയതിനാൽ എന്തെങ്കിലും

ചെയ്യില്ലെങ്കിൽ ഇവയുടെ നിലനിൽപ് തന്നെ പ്രശ്നത്തിലാകുമെന്നും ഇത്തരം സ്ഥാപനങ്ങൾക്ക് ഇപ്പോൾ ലോൺപോലും ലഭിക്കുകയില്ലെന്നും വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

1997-ൽ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തണമെന്ന് സർക്കാർ റബ്കോയോട് ആവശ്യപ്പെട്ടിരുന്നുവെന്നും അതുപ്രകാരം സബ്സിഡിയിൽ റബ്ബർ വാങ്ങിയെന്നും എന്നാൽ സബ്സിഡിയിനത്തിൽ വാങ്ങിയ റബ്ബറിന്റെ തുക സർക്കാർ ഇന്നുവരെ കൊടുത്തു തീർത്തിട്ടില്ലെന്നും അങ്ങനെയാണ് റബ്കോയ്ക്ക് അധിക ബാധ്യത ഉണ്ടായതെന്നും നാല് വർഷത്തിനുശേഷം സർക്കാർ പകുതിതുക റബ്കോയ്ക്ക് നൽകിയെങ്കിലും പലിശ തീർത്ത് കൊടുത്തിട്ടില്ലെന്നും അതിനുശേഷം ശരിയായ പഠനം നടത്താതെ ഒരേ സമയം പല സംരംഭങ്ങൾ തുടങ്ങിയതും റബ്കോയുടെ നഷ്ടത്തിന് കാരണമായിയെന്നും വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

റബ്ബർ സംഭരണത്തിലുണ്ടായ നഷ്ടം ഇതുവരെയും നികത്തപ്പെട്ടിട്ടില്ലെന്നും 5 കോടി രൂപ സർക്കാർ ഇപ്പോഴും നൽകാനുണ്ടെന്നും സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് 1997 ൽ 18.5% പലിശനിരക്കിലാണ് ലോൺ എടുത്തതെന്നും സഹകരണവകുപ്പ് ഉദ്യോഗസ്ഥൻ അറിയിച്ചു.

റബ്ബർമാർക്ക്, എൻ.സി.ഡി.സി. യുമായി ബന്ധപ്പെട്ടുണ്ടായിരുന്ന ഒരു പാക്കേജ് ഡ്രോപ് ചെയ്തിരുന്നുവെന്നും എൻ.സി.ഡി.സി. ആവശ്യപ്പെട്ടതനുസരിച്ച് നെറ്റ്‌വർത്ത് പോസിറ്റീവ് ആക്കാൻ ശ്രമം നടത്തിയിട്ടുണ്ടെന്നും ഇപ്പോൾ ഫണ്ടിന്റെ അപര്യാപ്തതയില്ലെങ്കിലും പഴയ ബാദ്ധ്യതകളുണ്ടെന്നും അത് റീസ്ട്രക്ചർ ചെയ്യുകയോ ഷെയറായി മാറ്റുകയോ ചെയ്യണമെന്നും റബ്ബർമാർക്ക് ഇപ്പോൾ ലാഭത്തിലാണെന്നും സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

റബ്കോ, റബ്ബർമാക്ക് എന്നിവയുടെ പ്രവർത്തനം നേരിട്ട് വിലയിരുത്തുന്നതിന് സഭാസമ്മേളനത്തിനുശേഷം സന്ദർശനം നടത്തുന്നതിന് സമിതി തീരുമാനിച്ചു.

(ഫയൽ നം.5083/സബ്.സി.ജി1/12/നി.സെ.)

സമിതിയുടെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച 22.2.2014 ലെ യോഗശിപാർശയിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം.4247/സബ്.സി.ജി1/14/നി.സെ.)

ഭക്ഷ്യപൊതുവിതരണ വകുപ്പിൽ നിന്ന് ലഭിച്ച 2010-11 ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് പരിഗണിച്ച 27.5.2013 ലെ സമിതി യോഗത്തിൽ, സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ ആരും ഹാജരാകാത്തതു സംബന്ധിച്ചും പ്രസ്തുത യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം ലഭ്യമാക്കാത്തത് സംബന്ധിച്ചും ഭക്ഷ്യപൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് സമിതി വിശദമായ തെളിവെടുപ്പ് നടത്തി. യോഗവിവരം അനുബന്ധ സ്ഥാപനങ്ങളെ അറിയിക്കാതിരുന്നത് ഭക്ഷ്യവകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണെന്ന് വിലയിരുത്തിയ സമിതി ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധചെലുത്തണമെന്ന് വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഇത്തരത്തിൽ വീഴ്ച സംഭവിച്ചതിൽ സപ്ലൈകോ മാനേജിംഗ് ഡയറക്ടർ ക്ഷമാപണം നടത്തി.

2010-11 സാമ്പത്തിക വർഷത്തിൽ എക്സ്റ്റൻഡ് മാർക്കറ്റ് ഇന്റർവെൻഷൻ എന്ന ശീർഷകത്തിൽ 25 കോടി രൂപ വകയിരുത്തിയതിൽ 2 കോടി രൂപ മാത്രമേ സപ്ലൈകോയ്ക്ക്

അനുവദിച്ചിരുന്നുള്ളുവെന്നും ഈ തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടെന്നും ബാക്കി തുക റേഷൻ സബ്സിഡി കമ്മീഷൻ നൽകുന്നതിനായി വകമാറ്റി ചെലവഴിച്ചുവെന്നും സപ്ലൈകോ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

(ഫയൽ നം.1770/സബ്.സി.ജി1/2011/നി.സെ.)

വിഷയനിർണ്ണയ സമിതി XI ന്റെ 1.4.2014 മുതൽ 31.3.2015 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടും 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻടേക്കൺ റിപ്പോർട്ടും സമിതി അംഗീകരിച്ചു.

2011-12 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 24-ാം ഖണ്ഡികയിലെ മാർക്കറ്റ് ഫെഡുമായി ബന്ധപ്പെട്ട ശിപാർശയിന്മേൽ മറുപടി നൽകേണ്ടത് സഹകരണ വകുപ്പായതിനാൽ പ്രസ്തുത വകുപ്പിലേയ്ക്ക് റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് കത്തയയ്ക്കുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി വൈകുന്നേരം 4.00 മണിക്ക് യോഗം പിരിഞ്ഞു.

## 2015 സെപ്റ്റംബർ 18-ാം തീയതിയിലെ സന്ദർശന/യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XI, 2015 സെപ്റ്റംബർ മാസം 18-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.00 മണിക്ക് എറണാകുളം ജില്ലയിലെ ഐരാപുരത്ത് സ്ഥിതി ചെയ്യുന്ന സഹകരണ സ്ഥാപനമായ റബ്ബർ മാർക്കിന്റെ അനുബന്ധ സ്ഥാപനമായ റൂബക് ബ്രൗൺസിന്റെ കോൺഫറൻസ് ഹാളിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീമതി ഗീതാ ഗോപി, എം.എൽ.എ.
2. ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. വി. ഭൂഷൻ, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീ. കെ. വി. സുരേഷ് ബാബു, അഡീഷണൽ രജിസ്ട്രാർ, O/o. രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.
3. ഡോ. എസ്. രത്നകുമാരൻ, മാനേജിംഗ് ഡയറക്ടർ (former), റബ്ബർ മാർക്ക്.
4. ശ്രീ. എസ്. ഗോപിനാഥ്, മാനേജിംഗ് ഡയറക്ടർ, റബ്ബർ മാർക്ക്.

5. ശ്രീ. മാത്യു കളത്തുങ്കൽ, പ്രസിഡന്റ്, റബ്ബർ മാർക്ക്.
6. ശ്രീ. എ. എം. മാത്യു, ഡയറക്ടർ, റബ്ബർ മാർക്ക്.
7. ശ്രീ. എം. എൻ. ഗോപി, ഡയറക്ടർ, റബ്ബർ മാർക്ക്.
8. ശ്രീമതി മേരിക്കുട്ടി ആന്റണി, ഡയറക്ടർ, റബ്ബർ മാർക്ക്.
9. ശ്രീ. രാമനാരായണൻ ജി., ഫിനാൻസ് മാനേജർ, റബ്ബർ മാർക്ക്.

റബ്ബർ മാർക്കിന്റെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി എത്തിച്ചേർന്ന സമിതി എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പുമന്ത്രിയെയും സമിതി അംഗങ്ങളെയും മറ്റ് ഉദ്യോഗസ്ഥരെയും റബ്ബർ മാർക്കിന്റെ മാനേജിംഗ് ഡയറക്ടർ സ്വാഗതം ചെയ്തു.

റബ്ബർ മാർക്കിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ റബ്ബർമാർക്കിന്റെ മുൻ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

'റബ്ബർ മാർക്ക് ' എന്ന പേരിൽ അറിയപ്പെടുന്ന കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന് ആകെ 37 അംഗസംഘങ്ങളുണ്ട്. ഫെഡറേഷന് കീഴിൽ ഒറ്റപ്പാലിൽ നിന്ന് റബ്ബർ ഉണ്ടാക്കുന്ന ക്രമ്പ് റബ്ബർ ഫാക്ടറി, മോൾഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട മദർ കോമ്പൗണ്ട് നിർമ്മിക്കുന്ന ഫാക്ടറി, റീ ട്രേഡിംഗ് റബ്ബർ ഉണ്ടാക്കുന്ന ഒരു കമ്പനി എന്നിവ പ്രവർത്തിക്കുന്നു. ഇവയുടെ അനുബന്ധ സ്ഥാപനമാണ് റൂബക് ബല്ലൂൺസ്. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കായുള്ള 13 ഏക്കർ ഭൂമിയിൽ ഫെർട്ടിലൈസേഴ്സിന്റെ മിക്സിംഗ് യൂണിറ്റും ഗോഡൗണും മാത്രമാണുള്ളത്. കൂടുതൽ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥല സൗകര്യം ഇവിടെ ലഭ്യമാണ്.

മലേഷ്യയുടെ സാങ്കേതിക സഹായത്തോടെ 2005-ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് റൂബക് ബലൂൺസ്. പ്രവർത്തനമാരംഭിക്കുമ്പോൾ 15% ഉല്പാദനക്ഷമതയും 130 ലക്ഷം രൂപ നഷ്ടവുമുണ്ടായിരുന്ന സ്ഥാപനത്തിന് ഇപ്പോൾ 37% ഉല്പാദനക്ഷമതയും 4 കോടിയോളം രൂപ ലാഭവുമുണ്ട്. പ്രതിദിനം 12 ലക്ഷം ബലൂണാണ് ഉല്പാദിപ്പിച്ചുകൊണ്ടിരുന്നത്. എന്നാൽ അധികമായ ഡിമാന്റുള്ളതു കൊണ്ട് മാർക്കറ്റിനാവശ്യമായ ഉല്പന്നങ്ങൾ എത്തിക്കാൻ കഴിയാതിരുന്നതിനെത്തുടർന്ന് ടെമ്പറേച്ചറിൽ ചെറിയ വ്യത്യാസം വരുത്തി ഉല്പാദനം വർദ്ധിപ്പിച്ചു. ഇപ്പോൾ ഒരു ദിവസം 15.5 ലക്ഷം ബലൂൺ ഉല്പാദിപ്പിക്കുന്നുണ്ട്. ഒരു മെഷീൻ മാത്രം ഉപയോഗിച്ചാണ് ഇത്രയധികം ബലൂണുകൾ ഉണ്ടാക്കുന്നത്. മറ്റൊരു മെഷീൻകൂടി സ്ഥാപിക്കുവാനുള്ള സ്ഥല സൗകര്യവുമുണ്ട്. ഇവിടെ ജോലി ചെയ്യുന്നവരിൽ 80% സ്ത്രീ തൊഴിലാളികളാണ്.

ചേരപ്പാടിയിലുള്ള ക്രമ്പ് റബ്ബർ ഫാക്ടറി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 10 ടൺ റബ്ബർ ഉല്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 16 ടൺ റബ്ബർ ഉല്പാദിപ്പിക്കുന്നുണ്ട്. അത് 20 ടണ്ണിലേക്ക് ഉയർത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ട്രെഡ് റബ്ബർ ഫാക്ടറിയിലും കോമ്പൗണ്ട് ഫാക്ടറിയിലും വിപണിയിലെ പ്രശ്നങ്ങൾമൂലം ലാഭനഷ്ടം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു. ചടയമംഗലം, ആലുവ, കോഴിക്കോട് എന്നീ സ്ഥലങ്ങളിലെ വള നിർമ്മാണ യൂണിറ്റുകൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

2001 മുതൽ സർക്കാരിന്റെ നിർദ്ദേശപ്രകാരം വിവിധ റബ്ബർ സംഭരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കർഷകരിൽ നിന്ന് അംഗ സംഘങ്ങൾ മുഖേന ഫെഡറേഷൻ റബ്ബർ വാങ്ങുന്നു. ചില അവസരങ്ങളിൽ 35,000 ടൺ റബ്ബർ വരെ സംഭരിച്ചിരുന്നു. സർക്കാർ

നിർദ്ദേശിക്കുന്ന സമയങ്ങളിലോ മാർക്കറ്റിൽ വില വർദ്ധിക്കുമ്പോഴോ മാത്രമേ റബ്ബർ വിൽക്കാൻ സാധിച്ചിരുന്നുള്ളൂ. ഇതിന് ഏകദേശം 5-6 മാസം വേണ്ടി വരുമായിരുന്നു. തന്മൂലം വിലയിലും ഗ്രേഡിലും നഷ്ടം ഉണ്ടായിട്ടുണ്ട്. മാത്രമല്ല, സംഭരിക്കുന്ന റബ്ബറിന് സർക്കാർ അഡ്വാൻസ് നൽകാതിരുന്നതുമൂലം ജില്ലാ ബാങ്ക്, സ്റ്റേറ്റ് ബാങ്ക്, പ്രാഥമിക സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്ന് 18-19% പലിശനിരക്കിൽ നിക്ഷേപം വാങ്ങിയിരുന്നു. അങ്ങനെ ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഫെഡറേഷൻ നഷ്ടത്തിലാവുകയും ചെയ്തു. 2001 ൽ ലഭിക്കേണ്ട 13 കോടി രൂപ 2013-14 ൽ ആണ് ലഭിച്ചത്.

83 കോടി രൂപയുടെ ഒരു പുനരുദ്ധാരണ പദ്ധതി 2010 ൽ ഫെഡറേഷൻ എൻ.സി.ഡി.സിക്ക് സമർപ്പിച്ചിരുന്നു. എന്നാൽ 155-160 കോടിയോളം രൂപയായിരുന്ന നെഗറ്റീവ് നെറ്റ്‌വർത്ത്, പോസിറ്റീവ് നെറ്റ്‌വർത്തിലേക്ക് എത്തിക്കണമെന്നും ജില്ലാബാങ്ക്, സ്റ്റേറ്റ് ബാങ്ക് എന്നിവിടങ്ങളിൽ നിന്ന് എടുത്ത ലോൺ തിരിച്ചടയ്ക്കുന്നതിന് ഒരു ഫോർമുല തയ്യാറാക്കണമെന്നും പ്രാഥമിക സംഘങ്ങളിൽ നിന്ന് എടുത്ത ലോൺ തിരിച്ചടയ്ക്കുന്നതിന് വഴി കണ്ടെത്തണമെന്നും എൻ.സി.ഡി.സി. യിൽ നിന്ന് മുൻപ് എടുത്തിട്ടുള്ള 40 കോടിയോളം രൂപയുടെ വായ്പകൾ ഷെയർ ആക്കി മാറ്റണമെന്നുമുള്ള ചില നിബന്ധനകൾ എൻ.സി.ഡി.സി. മുന്നോട്ടുവച്ചു. ബഹു. സഹകരണ വകുപ്പ് മന്ത്രി ബാങ്കുകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ലോൺ അടയ്ക്കാതെ തന്നെ ലോൺ പുതുക്കാനുള്ള അവസരം ലഭിച്ചതുമൂലം 60 കോടിയോളം രൂപ പലിശയിനത്തിൽ ലാഭമുണ്ടാക്കാൻ കഴിഞ്ഞു. കൂടാതെ, ജില്ലാബാങ്കിൽ നിന്ന് എടുത്ത ലോണിനത്തിൽ 50 ലക്ഷം രൂപ അടച്ച് അക്കൗണ്ട് പുതുക്കി ഓരോ മാസവും 20 ലക്ഷം രൂപ വച്ച് അടയ്ക്കാനും സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് ലോണിനത്തിൽ എടുത്ത 36.78 കോടി രൂപയുടെ

പലിശ ഒഴിവാക്കി ഓരോ മാസവും 20 ലക്ഷം രൂപ വച്ച് അടയ്ക്കാനും അവസരം ലഭിച്ചു. പ്രാഥമിക സംഘങ്ങളിൽ നിന്ന് നിക്ഷേപമായി വാങ്ങിയ 81 കോടി രൂപയുടെ മുതൽ മാത്രം അടച്ച് പലിശയുടെ പകുതി ഷെയറാക്കി മാറ്റണമെന്നും ബാക്കി പകുതി സംഘങ്ങൾ ഉപേക്ഷിക്കണമെന്നുമുള്ള നിർദ്ദേശം മുന്നോട്ടുവച്ചതിലൂടെ 23 സൊസൈറ്റികളുടെ കടം തീർക്കാൻ സാധിച്ചു. ബാക്കിയുള്ള സൊസൈറ്റികളുടെ കടം തീർക്കാൻ ഫെഡറേഷന് സാധിച്ചില്ല. ഓരോ മാസവും 110 കോടിയോളം രൂപ ലോൺ അടയ്ക്കുന്നതിനായി ആവശ്യമുണ്ട്.

എൻ.സി.ഡി.സി. മുന്നോട്ടുവച്ച നിബന്ധനകളെല്ലാം പാലിച്ചതിന്റെ ഫലമായി ഫെഡറേഷൻ പ്രസിഡന്റും എൻ.സി.ഡി.സി. മാനേജിംഗ് ഡയറക്ടറുമായി ഒരു കൂടിക്കാഴ്ച നടത്താനുള്ള അനുവാദം ലഭിച്ചിട്ടുണ്ട്. പർച്ചേസിംഗ് ബ്രാഞ്ച് വഴിയാണ് അംഗ സംഘങ്ങൾ കർഷകരിൽ നിന്ന് റബ്ബർ സംഭരിക്കുന്നത്. കൃത്യസമയത്ത് തുക ലഭ്യമാക്കാത്തതുകൊണ്ട് കർഷകർക്ക് യഥാസമയം തുക നൽകുവാൻ സാധിക്കാത്തതിനാൽ ഡീലേഴ്സിന്റെ ചൂഷണത്തിന് വിധേയരാകുന്നു. അതിനാൽ റിവോൾവിംഗ് ഫണ്ട് എന്ന് രീതിയിൽ 50 കോടി രൂപ അനുവദിച്ച് കിട്ടിയാൽ മാത്രമേ അംഗസംഘങ്ങൾക്കും ഫെഡറേഷനും പിടിച്ച് നിൽക്കാൻ സാധിക്കുകയുള്ളൂ.

പൂർണ്ണമായി രാസപദാർത്ഥങ്ങൾ ഒഴിവാക്കി നിർമ്മിച്ചതും കൃഷിവകുപ്പിന്റെ അംഗീകാരം ലഭിച്ചതുമായ 'ഭാരത് ജൈവ ' എന്ന ജൈവ വളം സുവർണ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തുവാനും അടുത്ത വർഷം ജൈവ വർഷമായി ആചരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇവ 1, 2, 5 കിലോഗ്രാം പാക്കറ്റുകളിൽ

ലഭ്യമാണ്. 10 കോടി രൂപ കൂടി ലഭിക്കുകയാണെങ്കിൽ പ്രസ്തുത പദ്ധതി വിപുലപ്പെടുത്താൻ കഴിയും. ഫെഡറേഷന്റെ പ്രവർത്തനത്തെക്കുറിച്ച് സർക്കാർ തലത്തിലുള്ള ഒരു റിപ്പോർട്ട് എൻ.സി.ഡി.സിക്ക് ലഭ്യമായാൽ പ്രോജക്ട് അനുവദിച്ച് കിട്ടുമെന്നും അതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും റബ്ബർ മാർക്ക് മുൻ എം.ഡി. അഭിപ്രായപ്പെട്ടു.

83 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് റബ്ബർ മേഖലയിലെ തൊഴിലാളികൾക്ക് ഫലപ്രദമാകുന്ന രീതിയിൽ തരം തിരിച്ച് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

ഫെഡറേഷന് കീഴിൽ റബ്ബർ സംഭരണം നടത്തുന്ന 35 പ്രാഥമിക സംഘങ്ങൾ ഇപ്പോൾ ബുദ്ധിമുട്ടിലാണെന്നും എൻ.സി.ഡി.സി. ധനസഹായം അനുവദിച്ചാൽത്തന്നെ ലഭ്യമാകാനുള്ള തുക കുറവ് വരുത്തി മാത്രമേ തരികയുള്ളൂവെന്നും ആയതിനാൽ ഈ സാധ്യതകളെല്ലാം ഉൾപ്പെടുത്തി 5 ലക്ഷം രൂപ കൊടുത്ത് ഒരു ടെക്നിക്കൽ കൺസൾട്ടന്റിനെക്കൊണ്ടാണ് 83 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കിയതെന്നും എൻ.സി.ഡി.സി. മുന്നോട്ടുവച്ച നിബന്ധനകളെല്ലാം തീർത്തിട്ടുണ്ടെന്നും സർക്കാർ ഗ്യാരന്റി ധനകാര്യ വകുപ്പ് മന്ത്രി അനുവദിച്ചിട്ടുണ്ടെന്നും റബ്ബർ മാർക്ക് പ്രസിഡന്റ് സമിതിയെ അറിയിച്ചു.

റബ്ബർ മാർക്കിന് 13 ഏക്കറിലധികം സ്ഥലമുണ്ടെന്നും 3 കോടി രൂപ ചെലവിൽ 25,000 സ്ക്വയർ ഫീറ്റിൽ ഗോഡൗൺ നിർമ്മിച്ചിട്ടുണ്ടെന്നും 10 കോടി രൂപ കൂടി അനുവദിച്ചാൽ ഭക്ഷ്യസുരക്ഷാ പദ്ധതിക്കാവശ്യമായ ഗോഡൗൺ നിർമ്മിക്കാൻ കഴിയുമെന്നും ഇക്കാര്യം എൻ.സി.ഡി.സി ക്ക് നൽകിയ

പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കൃഷിവകുപ്പിന്റെ ആർ.കെ.വി.വൈ സ്കീമിലുൾപ്പെടുത്തണമെന്ന് പലതവണ ആവശ്യപ്പെട്ടിരുന്നുവെങ്കിലും അംഗീകരിച്ചിട്ടില്ലെന്നും റബ്ബർ മാർക്ക് മുൻ എം.ഡി. സമിതിയെ അറിയിച്ചു.

റൂബക് ബലൂൺസ് ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്നും 140 ജീവനക്കാർ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 33 പേർ മാത്രമേയുള്ളുവെന്നും വിരമിക്കുന്ന ജീവനക്കാർക്ക് പകരം പുതിയ ആളുകളെ പി.എസ്.സി. നിയമിച്ചിട്ടില്ലെന്നും ആയതിനാൽ വിരമിച്ച ജീവനക്കാരെത്തന്നെയാണ് വീണ്ടും നിയമിച്ചിട്ടുള്ളതെന്നും റബ്ബർ മാർക്ക് പ്രസിഡന്റ് സമിതിയെ അറിയിച്ചു.

ഏറ്റവും കൂടുതൽ എനർജി സേവ് ചെയ്യുന്നതിനുള്ള ഈ വർഷത്തെ സംസ്ഥാന സർക്കാരിന്റെ അവാർഡ് റൂബക് ബലൂൺസിനാണെന്നും ഉപയോഗിക്കപ്പെടുന്ന ഊഷ്മാവിൽ ചെറിയ വ്യത്യാസം വരുത്തിയാണ് 2.5 ലക്ഷത്തോളം ബലൂണുകൾ കൂടുതൽ ഉല്പാദിപ്പിക്കുന്നതെന്നും റബ്ബർ മാർക്ക് മുൻ എം.ഡി. സമിതിയെ അറിയിച്ചു.

എൻ.സി.ഡി.സി.ക്ക് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ അടിസ്ഥാനപരമായി റബ്ബർ മാർക്കിന്റെ പ്രവർത്തനം വിപുലീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്നും ആയത് ലഭ്യമാകുന്നതോടുകൂടി മൂലധനം വർദ്ധിക്കുന്ന സാഹചര്യത്തിൽ കർഷകരിൽ നിന്ന് ന്യായമായ വിലയ്ക്ക് റബ്ബർ വാങ്ങിക്കുവാൻ സാധിക്കുമെന്നും 10,000 ടൺ റബ്ബറിന്റെ സ്ഥാനത്ത് 50,000 ടൺ റബ്ബർ സംഭരിക്കുവാനാണ്

ഉദ്ദേശിക്കുന്നതെന്നും ഇതുവഴി കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ഫെഡറേഷനും പ്രയോജനം ലഭിക്കുമെന്നും ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഫെഡറേഷനിലെ ജീവനക്കാരുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച് ധാരണയായിട്ടുണ്ടെന്നും റബ്ബർ മാർക്ക് മുൻ എം. ഡി. അറിയിച്ചു.

വില കുറയുന്ന അവസരത്തിൽ കൂടുതൽ റബ്ബർ സംഭരിച്ചുവച്ചാൽ ഗ്രേഡ് നഷ്ടം ഉണ്ടാകില്ലേ എന്ന് സമിതി ആരാഞ്ഞു. റബ്ബറിനെ ആർ.എസ്.എസ്-4,ആർ.എസ്.എസ്-5, ലോട്ട് എന്നിങ്ങനെ മൂന്നായി തരംതിരിച്ചിട്ടുണ്ടെന്നും നല്ല ഗോഡൗൺ സൗകര്യം ലഭ്യമായാൽ ആർ.എസ്.എസ്-4 നാല് മാസത്തോളം ഗ്രേഡ് നഷ്ടം വരാതെ സൂക്ഷിക്കാൻ സാധിക്കുമെന്നും 2014-ലെ റബ്ബർ സംഭരണം ലാഭത്തിലായിരുന്നുവെന്നും കർഷകരിൽ നിന്ന് റബ്ബർ വാങ്ങിക്കുന്ന സമയത്തെ ഗുണമേന്മ കർശനമാക്കിയിട്ടുണ്ടെന്നും മുൻ വർഷങ്ങളിലെ സംഭരണത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പ്രോജക്ട് അനുവദിച്ച് കിട്ടിയാൽ ലാഭകരമായി മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയുമെന്നും റബ്ബർ മാർക്ക് മുൻ എം.ഡി. അറിയിച്ചു.

റബ്ബർ മാർക്കിന്റെ എം.ഡിയും ഡയറക്ടർ ബോർഡ് അംഗങ്ങളും തൊഴിലാളികളും ഒരുമിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി വളരെയധികം പുരോഗതി ഉണ്ടായിട്ടുണ്ടെന്നും റബ്കോ ബലൂൺസ് പോലെ തന്നെ റബ്ബർ മാർക്കിന്റെ ഓരോ യൂണിറ്റും ലാഭകരമായി പ്രവർത്തിക്കുന്നതിന് ഇനിയും ആത്മാർത്ഥമായി ശ്രമിക്കണമെന്നും എൻ.സി.ഡി.സി. ഫണ്ട് ലഭിക്കാനാവശ്യമായ എല്ലാ സഹായവും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുമെന്നും യോഗാദ്ധ്യക്ഷൻ അറിയിച്ചു.

പാർലമെന്റിലെ വാണിജ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 3 മാസം മുൻപ് ഏറ്റവും നല്ല വ്യവസായ യൂണിറ്റ് എന്ന നിലയിൽ റൂബ്കോ ബലൂൺസ് സന്ദർശിച്ചിരുന്നുവെന്നും കർഷകരുമായും ആർ.പി.എസ് കളുമായും റബ്ബർ വ്യവസായ യൂണിറ്റുകളുമായും റബ്ബർ ബോർഡുമായും ചർച്ചകൾ നടത്തിയെന്നും ഇതു സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി പാർലമെന്റിൽ വച്ചിട്ടുണ്ടെന്നും പ്രസ്തുത കമ്മിറ്റിയിലെ അംഗംകൂടിയായ ശ്രീ. ജോയ് എബ്രഹാം എം.പി. സമിതിയെ അറിയിച്ചു. റബ്ബർ മേഖല വൻപ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിലും ഉദ്യോഗസ്ഥരുടെ ശ്രമഫലമായി കപ്പാസിറ്റി യൂട്ടിലൈസേഷൻ 19% ൽ നിന്ന് 84% ആക്കി ഉയർത്താൻ കഴിഞ്ഞുവെന്നും റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ 300 കോടി രൂപയുടെ ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നുവെന്നും എൻ.സി.ഡി.സിയിൽ നിന്ന് എടുത്തിട്ടുള്ള വായ്പ ഷെയർ ആക്കി മാറ്റണമെന്ന് അംഗസംഘങ്ങൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും അതിന്റെ പ്രയോജനം പൂർണ്ണമായും ലഭിച്ചത് റബ്ബർ മാർക്കിനാണെന്നും ഇതിനായി പ്രാഥമിക സംഘങ്ങളെക്കൂടി പരിഗണിക്കാമെന്നും റബ്ബർമാർക്കറ്റിംഗ് സംഘങ്ങളും കർഷകരും തൊഴിലാളികളും പ്രതിസന്ധി നേരിടുന്ന ഈ അവസരത്തിൽ സംഘങ്ങൾ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും അറിയിച്ചു.

യോഗം അവസാനിച്ചതിനെത്തുടർന്ന് സമിതി ഫാക്ടറി സന്ദർശിച്ചു. ബലൂണുകൾ ഉണ്ടാക്കുന്ന ക്യു - എ ലാബിൽ മലേഷ്യയിൽ നിന്നും ഇറക്കുമതി ചെയ്ത 10 കോടി രൂപ വിലവരുന്ന മെഷീനിലാണ് ബലൂണുകൾ ഉല്പാദിപ്പിക്കുന്നതെന്നും പല വരികളിലായി ബലൂണിന്റെ ആകൃതിയിൽ ഘടിപ്പിച്ച മോൾഡുകൾ വിവിധ നിറങ്ങളിലുള്ള റബ്ബർ പാൽ അടങ്ങുന്ന ട്രേകളിൽ മുക്കുകയും അതിനുശേഷം ചൂടാക്കൽ പ്രക്രിയയിലൂടെ ബലൂൺ രൂപത്തിലാവുകയും ചെയ്യുന്നുവെന്നും ഒരേ സമയം 8 നിറങ്ങളിലായി ഒരു

ദിവസം ശരാശരി 14 ലക്ഷം ബലൂണുകളാണ് ഉല്പാദിപ്പിക്കുന്നതെന്നും റബ്ബർ മാർക്ക് എം.ഡി. സമിതിയെ അറിയിച്ചു.

തുടർന്ന്, സോർട്ടിംഗ് ഏരിയയിലെ സ്ത്രീ തൊഴിലാളികളോട് അവരുടെ തൊഴിൽ സംബന്ധമായ വിവരങ്ങൾ സമിതി ആരാഞ്ഞു. കുടുംബശ്രീ യൂണിറ്റിൽ നിന്നുള്ള 70 പേരാണ് ഫാക്ടറിയിലുള്ളതെന്നും രാവിലെ 8 മണിമുതൽ വൈകുന്നേരം 5 മണിവരെയാണ് തൊഴിൽ സമയമെന്നും പീസ് റേറ്റ് (piece rate) അനുസരിച്ചാണ് കൂലി ലഭിക്കുന്നതെന്നും ജോലിയിൽ സംതൃപ്തരാണെന്നും അവർ സമിതിയെ അറിയിച്ചു.

സോർട്ട് ചെയ്ത ബലൂണുകൾ വിവിധതരം കവറുകളിലാക്കി ഡെസ്പാച്ച് യൂണിറ്റിലേക്ക് മാറ്റുമെന്നും അവിടെ നിന്നാണ് ബലൂണുകൾ മാർക്കറ്റിംഗ് സ്റ്റാഫിന്റെ സഹായത്തോടുകൂടി കയറ്റി അയയ്ക്കുന്നതെന്നും ഡൽഹി, ചെന്നൈ എന്നിവിടങ്ങളിലേക്കാണ് ബലൂണുകൾ കൂടുതലും കയറ്റുമതി ചെയ്യുന്നതെന്നും ഡെസ്പാച്ച് ചെയ്യുന്ന ബലൂണുകൾക്ക് അപ്പോൾ തന്നെ തുക ലഭ്യമാകുന്നുണ്ടെന്നും ആയതിനാൽ ഫാക്ടറി ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്നുണ്ടെന്നും ഒരു മാസം ശരാശരി 2 കോടി രൂപയ്ക്ക് ബലൂണുകൾ വിൽക്കുന്നുണ്ടെന്നും റബ്ബർ മാർക്ക് എം.ഡി. സമിതിയെ അറിയിച്ചു.

സമിതിയുടെ സന്ദർശനം രാവിലെ 11.30 ന് അവസാനിച്ചു.

## 25.11.2015-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XI, 2015 നവംബർ 25-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളനഹാളിൽ സമിതി എക്സ്-ഒഫീഷ്യോ അംഗം, ബഹു. സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ലൂഡി ലൂയിസ്, എം. എൽ. എ.
2. ശ്രീ. കെ. കെ. നാരായണൻ, എം. എൽ. എ.
3. ശ്രീ. റി. എം. ഉമ്മർ മാസ്റ്റർ, എം. എൽ. എ.

### നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

### ഹാജരായ ഉദ്യോഗസ്ഥർ

1) ശ്രീ. എ. റ്റി. ജയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ.

2) ശ്രീമതി എസ്. ലളിതാംബിക, രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് .

3) ശ്രീ. പി. വേണുഗോപാൽ, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്.

4) ശ്രീ. വി. കെ. ബാഹുലേയൻ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ വകുപ്പ്.

5) ശ്രീ. വി. ഭൂഷൺ, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്.

6) ശ്രീ. പി. മൈക്കൽ വേദ ശിരോമണി, മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ് ഫെഡ്.

7) ശ്രീ. വി. കെ. ബാഹുലേയൻ, ഡയറക്ടർ(ഇൻ ചാർജ്), സിവിൽ സപ്ലൈസ് വകുപ്പ്.

8) ഡോ. ബി. ആർ. പ്രസന്നകുമാർ, ചീഫ് അക്കൗണ്ട്സ് ഓഫീസർ, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്.

9) ശ്രീ. കെ. എം. ജയിംസ്, കൺട്രോളർ ഓഫ് റേഷനിംഗ്.

10) ശ്രീ. വി. വിജയകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

11) ശ്രീ. കെ. വി. സുരേഷ് ബാബു, അഡീഷണൽ രജിസ്ട്രാർ, സഹകരണ വകുപ്പ്.

12) ശ്രീമതി കുമാരി കല, ജോയിന്റ് രജിസ്ട്രാർ, O/o. രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

13) ശ്രീമതി എസ്. ലത, സീനിയർ ഫിനാൻസ് ഓഫീസർ, O/o. രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

14) ശ്രീമതി കാഞ്ചന റ്റി., അസിസ്റ്റന്റ് രജിസ്ട്രാർ, O/o. രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

സമിതി, എസ്. ആർ. ഒ. ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ നടപടി സാധൂകരണം സംബന്ധിച്ച സ്റ്റേറ്റുമെന്റ്, വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ തുടങ്ങിയവ പരിഗണിച്ചു.

2013 ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റിന്റെ അടിസ്ഥാനത്തിലുള്ള എസ്. ആർ. ഒ. സമിതിയുടെ അനുമതി കൂടാതെ പ്രസിദ്ധീകരിച്ചതിനുള്ള സാധൂകരണം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതി പരിഗണിച്ചു. പ്രസ്തുത എസ്. ആർ. ഒ. സമിതിയുടെ അനുമതി കൂടാതെ പ്രസിദ്ധീകരിക്കുവാൻ കാരണമെന്താണെന്ന് സമിതി ആരാഞ്ഞു. അടിയന്തര സാഹചര്യമുണ്ടായപ്പോൾ ചട്ടത്തിൽ പറയുന്ന പ്രൊവൈസോ അനുസരിച്ചാണ് നടപടി സ്വീകരിച്ചതെന്നും കരട് ചട്ടം സമിതി യോഗത്തിൽ സമർപ്പിക്കാൻ തീരുമാനിച്ച സമയത്ത് സമിതിയോഗം ചേർന്നിട്ടില്ലായിരുന്നുവെന്നും അടുത്ത യോഗം ചേരുന്നതിന് ആറു മാസത്തെ ഇടവേള ഉണ്ടായിരുന്നതിനാലാണ് സമിതിയുടെ അനുമതി കൂടാതെ പ്രസിദ്ധീകരിക്കാനിടയായതെന്നുമുള്ള സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ വിശദീകരണം അംഗീകരിക്കാനാവില്ലെന്നും വിഷയനിർണ്ണയ സമിതിയുടെ യോഗം അടിയന്തരമായി ചേരേണ്ട സാഹചര്യമുണ്ടായാൽ വിളിച്ചു ചേർക്കാറുണ്ടെന്നും അംഗീകാരമില്ലാതെ എസ്. ആർ. ഒ. പ്രസിദ്ധീകരിക്കാൻ പാടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. സഹകരണ വകുപ്പ് നൽകിയ വിശദീകരണം സമിതി അംഗങ്ങളെ പരസ്യമായി വിമർശിക്കുന്ന വിധത്തിലുള്ളതാണ് എന്നും, വകുപ്പ് സ്വീകരിച്ച നടപടി അക്ഷന്തവ്യമായ തെറ്റാണെന്നും മേലിൽ ഇത്തരം നടപടി ആവർത്തിക്കരുതെന്നും സമിതി സഹകരണ വകുപ്പിന് താക്കീത് നൽകി. ഇനി ആവർത്തിക്കരുതെന്ന് നിർദ്ദേശം നൽകാമെന്ന് അറിയിച്ച സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി നടപടി റാറ്റിഫൈ ചെയ്തുതരണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി എസ്. ആർ. ഒ. റാറ്റിഫൈ ചെയ്യുകയുണ്ടായി. (ഫ.നം. 524/സബ്. സി. ജി.1/2013/നി.സെ)

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 16-ാം

ഖണ്ഡികയിലെ ശിപാർശയിന്മേൽ ധനകാര്യ വകുപ്പിൽ നിന്ന് ലഭിച്ച മറുപടി സംബന്ധിച്ച കുറിപ്പും മുൻസമിതി യോഗത്തിൽ പങ്കെടുക്കുവാൻ സാധിക്കാഞ്ഞതിന്റെ കാരണം വിശദീകരിച്ചുകൊണ്ടുള്ള ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ കത്തും സമിതി പരിഗണിച്ചു. ധനകാര്യ വകുപ്പ് നൽകിയ മറുപടിയിൽ ടി റിപ്പോർട്ടിലെ സഹകരണ വകുപ്പിന് എതിരായ പരാമർശങ്ങൾ ഒഴിവാക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്ന് സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ, പ്രസ്തുത വിവരം ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ ബോധ്യപ്പെടുത്തി. തുടർന്ന് പ്രസ്തുത ഫയൽ നടപടി അവസാനിപ്പിക്കുവാൻ സമിതി തീരുമാനിച്ചു. (ഫ.നം. 2743/സബ്.സി.ജി1/13/നി.സെ.)

സമിതിയുടെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 24-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സഹകരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.
(ഫ.നം. 3315/സബ്.സി.ജി1/12/നി.സെ.)

2013 ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ആക്ട്, 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ആക്ട് എന്നിവയിന്മേൽ കരട് ചട്ടങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം സമിതി പരിഗണിച്ചു. ചട്ടം പുറപ്പെടുവിക്കുന്നതിനു വേണ്ടിയുള്ള enabling provision-ന് വേണ്ടിയായിരുന്നു ഭേദഗതി വരുത്തിയതെന്നും സർവ്വീസ് റൂൾസ് നിലവിലുള്ളതിനാൽ പുതിയ ചട്ടത്തിന്റെ ആവശ്യമില്ലെന്നും റീപ്രൊമൽഗേറ്റ് ചെയ്യേണ്ടി വരുമെന്നും സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ആക്ടുകളുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ നിലവിലിരിക്കെ ആക്ട്

പാസ്സാക്കാനുണ്ടായ സാഹചര്യം നിയമവകുപ്പുമായി ആലോചിച്ച് എന്ത് തുടർനടപടിയാണ് സ്വീകരിക്കേണ്ടതെന്ന് സമിതിയെ അറിയിക്കാമെന്ന് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

(ഫ. നം. 1117/സബ്.സി.ജി1/13/നി.സെ.)

(ഫ. നം. 133/സബ്.സി.ജി1/14/നി.സെ.)

2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 11-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിച്ചു. 2013-14 സാമ്പത്തിക വർഷം നെല്ല് സംഭരണത്തിനായി 217.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും 35 കോടി രൂപ മാത്രമാണ് ലഭിച്ചതെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എം. ഡി. സമിതിയെ അറിയിച്ചു. നെല്ലിന്റെ വില 19 രൂപയിൽ നിന്ന് 21.50 രൂപ ആക്കിയപ്പോൾ കോർപ്പറേഷന്റെ ബാധ്യത വർദ്ധിച്ചുവെന്നും കഴിഞ്ഞ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ ഈ വർഷം 357 കോടി രൂപ അധികമായി വേണമെന്നും മൂന്ന് പ്രാവശ്യം എസ്. ഡി. ജി. മുമ്പ് ചെയ്തെങ്കിലും കൂടുതൽ തുക ലഭിച്ചില്ലെന്നും വീണ്ടും കുടിശ്ശിക വന്നപ്പോൾ 225 കോടി രൂപ ലോൺ എടുക്കുവാനുള്ള നിർദ്ദേശം ലഭിച്ചതനുസരിച്ച് ലോൺ എടുത്തതിനാലാണ് നെല്ല് സംഭരണം നടക്കുന്നതെന്നും എം. ഡി. അറിയിച്ചു.

(ഫ. നം. 3157/സബ്.സി.ജി1/2014/നി.സെ.)

2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 10-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിച്ചു. റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലുണ്ടായ അന്തരം മൂലം ഫുഡ് കോർപ്പറേഷന്

അധികമായി ചെലവാകുന്ന തുക മടക്കികൊടുക്കുന്നതിനുള്ള സബ്സിഡി ഇനത്തിൽ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2014-15-ൽ ആകെ അനുവദിച്ച 705 കോടി രൂപയിൽ 704.986 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കി 1.4 ലക്ഷം രൂപ സർക്കാരിലേക്ക് സറണ്ടർ ചെയ്തിട്ടുമുണ്ടെന്ന റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(ഫ. നം. 3157/സബ്.സി.ജി1/14/നി.സെ.)

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 29-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിച്ചു. അന്ത്യോദയ അന്നയോജന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച 22 കോടി രൂപയിൽ 20.98 കോടി രൂപ ചെലവാക്കിയതായി അറിയിച്ചുകൊണ്ടുള്ള പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(ഫ. നം. 3292/സബ്.സി.ജി1/2015/നി.സെ.)

2013-14 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച് ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ പഞ്ചായത്ത് തലത്തിലുള്ള വിജിലൻസ് കമ്മിറ്റികൾ ചേരുന്നത് സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് സമിതി പരിഗണിച്ചു. ജില്ലാ-താലൂക്ക്-പഞ്ചായത്ത് തലങ്ങളിലായി 3 സമിതികൾ നിലവിലുണ്ടെന്നും ഇവ കൃത്യമായി യോഗം ചേരുന്നുണ്ടെന്നും ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായ സമിതി മാസത്തിലൊരിക്കൽ യോഗം വിളിച്ചുകൂട്ടുന്നുണ്ടെന്നും വിവിധ ജില്ലകളിലെ താലൂക്ക് തല സമിതി ചേർന്ന യോഗങ്ങളുടെ എണ്ണവും റേഷനിംഗ് കൺട്രോളർ സമിതിയെ അറിയിച്ചു. ജില്ലാതല സമിതിയും താലൂക്കതല സമിതിയും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും പഞ്ചായത്ത് തലം കുറച്ചുകൂടി

ശക്തമാക്കണമെന്ന സമിതിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകുന്നതാണെന്നും റേഷനിംഗ് കൺട്രോളർ അറിയിച്ചു.

പഞ്ചായത്ത് തലത്തിലുള്ള സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്നും യോഗം ചേരേണ്ടത് എന്നൊക്കെയാണെന്നും പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയംഗങ്ങളെ അറിയിക്കണമെന്നും പഞ്ചായത്തുതല സമിതികളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് പ്രത്യേകമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

(ഫ. നം. 269/സബ്.സി.ജി1/14/നി.സെ.)

സമിതി വൈകുന്നേരം 3.45-ന് യോഗം പിരിഞ്ഞു.

## 24.02.2016 - ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XI, 2016 ഫെബ്രുവരി 24-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനുശേഷം 2.40 പി.എംന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.
2. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, എം. എൽ. എ.

## നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

## ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. ദേവേന്ദ്രകുമാർ ധോദാവത്, സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്.
2. ശ്രീ. വി. കെ. ബാഹുലേയൻ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്.
3. ഡോ. എം. കെ. മുകുന്ദൻ, ഡയറക്ടർ, സി.എഫ്.ആർ.ഡി.
4. ഡോ. എസ്. വെങ്കിടേശപതി, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ.

5. ശ്രീമതി കെ. ബി. അനിതകുമാരി, ഡെപ്യൂട്ടി സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ വകുപ്പ്.
6. ശ്രീ. ബി. ആർ. പ്രസന്നകുമാർ, ചീഫ് അക്കൗണ്ട്സ് ഓഫീസർ, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്.
7. ശ്രീ. എസ്. മോഹനൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സി.എഫ്.ആർ.ഡി.

സമിതി, സി.എഫ്.ആർ.ഡി. യുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച തുടർനടപടികൾ, 06.05.2015 ലെ സമിതിയോഗ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തി. കൂടാതെ, 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 26,27,31,32 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും ചെയ്തു. ചർച്ചയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

സി.എഫ്.ആർ.ഡി. യുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ സി.എഫ്.ആർ.ഡി. ഡയറക്ടർ വിശദീകരിച്ചു.

**<u>ഖണ്ഡിക നം. 1</u>**

സപ്ലൈകോ വഴി വിൽപ്പന നടത്തുന്ന ഉൽപ്പന്നങ്ങളിൽ കണ്ടെത്തുന്ന ക്രമക്കേടുകളിന്മേൽ നടപടി സ്വീകരിക്കുന്നത് സപ്ലൈകോ ആണെങ്കിലും സി.എഫ്.ആർ.ഡി. ക്ക് ലഭിക്കുന്ന സാമ്പിളുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകാറുണ്ടെന്നും സപ്ലൈകോ വഴി വിൽപ്പന നടത്തുന്ന എല്ലാ ഫുഡ് പ്രോഡക്റ്റിന്റെയും

സാമ്പിൾ സി.എഫ്.ആർ.ഡി. പരിശോധിക്കുകയും മേൽനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്നും സപ്ലൈകോയ്ക്ക് നൽകുന്ന എല്ലാ ബാച്ച് പ്രോഡക്റ്റിലും ഓരോ സാമ്പിൾ പരിശോധിക്കുന്നതിനുള്ള ഉത്തരവ് സപ്ലൈകോ എം.ഡി. നൽകിയിട്ടുണ്ടെന്നും അതനുസരിച്ച് എല്ലാ പാക്കറ്റുകളും ടെസ്റ്റ് ചെയ്യുന്നതാണെന്നും നിലവിൽ കമ്പനി പാക്ക്ഡ് ഫുഡ്സ് പരിശോധിക്കുന്നില്ലെന്നും സി.എഫ്.ആർ.ഡി. ഡയറക്ടർ സമിതിയെ അറിയിച്ചു. സപ്ലൈകോ ഔട്ട്‌ലെറ്റിലൂടെ വിൽക്കുന്ന ബ്രാൻഡഡ് പ്രോഡക്റ്റ് ഉൾപ്പെടെയുള്ള സി.എഫ്.ആർ.ഡി. റാൻഡമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തണമെന്ന് സമിതി ചെയർമാൻ നിർദ്ദേശിച്ചു.

**<u>ഖണ്ഡിക നം. 2</u>**

റീജിയണൽ സെന്ററുകളും ജില്ലാതല സെന്ററുകളും സ്ഥാപിക്കണമെന്ന സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സി.എഫ്.ആർ.ഡി. വിശദമായ നിർദ്ദേശങ്ങൾ അടങ്ങിയ പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്ന് ഡയറക്ടർ സമിതിയെ അറിയിച്ചു.

**<u>ഖണ്ഡിക നം. 3</u>**

സി.എഫ്.ആർ.ഡി. യുടെ പ്രവർത്തനം സംബന്ധിച്ച് ലഘുലേഖകൾ തയ്യാറാക്കി വിതരണം നടത്തുന്നുണ്ടെന്നും ഇതു സംബന്ധിച്ച് ഒരു സി.ഡി. തയ്യാറാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുവെന്നും 2016 മാർച്ച് 1 ന് സി.എഫ്.ആർ.ഡി. മീറ്റ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

## ഖണ്ഡിക നം. 4

ഇൻസ്റ്റിറ്റ്യൂട്ടിന്റെ നാലാമത് സംരംഭമായ മെഗാഫുഡ് പാർക്കിന്റെ ഡി.പി.ആർ. ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും പദ്ധതി നടത്തിപ്പിനാവശ്യമായ 50 ഏക്കർ ഭൂമി ലഭ്യമാക്കാൻ കഴിയാത്തതിനാൽ നിർദ്ദേശം നിരസിച്ചുവെന്ന് ഡയറക്ടർ സമിതിയെ അറിയിച്ചു.

## ഖണ്ഡിക നം. 5

സി.എഫ്.ആർ.ഡി. യുടെ കീഴിലുള്ള മൈക്രോ ബയോളജി ലാബിനും കെമിക്കൽ ലാബിനും എൻ.എ.ബി.എൽ. ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഫുഡ് സേഫ്റ്റി അതോറിറ്റിയുടെയും കൺസ്യൂമർ അഫയേഴ്സിന്റെയും അംഗീകാരത്തിനായി അപേക്ഷിച്ചിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

## ഖണ്ഡിക നം. 6

ഡ്രൈ ഫ്രൂട്ട്സ്, വെജിറ്റബിൾസ് എന്നിവയുടെ സംസ്കരണത്തിൽ സംരംഭകർക്ക് നിലവിൽ പരിശീലനം നൽകിവരുന്നുണ്ടെന്നും അടുത്ത സാമ്പത്തിക വർഷം മുതൽ ഒരു വർഷക്കാലത്തേക്ക് പരിശീലനം നൽകുന്നതിനായി 55 ലക്ഷം രൂപയുടെ പ്രോജക്ട് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ട്രെയിനിംഗിനുവേണ്ടി പരിമിതമായ അളവിൽ ഉല്പാദനം നടത്തുന്നതിനാൽ വിപണന സാദ്ധ്യതയില്ലെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു.

## ഖണ്ഡിക നം. 7

ഫുഡ് ടെക്നോളജിയുമായി ബന്ധപ്പെട്ട് രണ്ട് കോഴ്സുകൾ നടത്തിവരുന്നുണ്ടെന്നും മൂന്നാമത്തെ കോഴ്സായ എം.ബി.എ. ഫുഡ്

ബിസിനസ് മാനേജ്മെന്റ് എന്ന പാഠ്യപദ്ധതി തയ്യാറാക്കി എം.ജി.യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

## ഖണ്ഡിക നം. 8

സി.എഫ്.ആർ.ഡി. ലാബിലെ ട്രെയിനികൾക്ക് തുടക്കത്തിൽ 15,000/- രൂപയും രണ്ട് വർഷം കഴിഞ്ഞവർക്ക് 16,500/- രൂപയും സ്റ്റൈപ്പന്റായി നൽകുന്നുണ്ടെന്ന് ഡയറക്ടർ സമിതിയെ അറിയിച്ചു.

## ഖണ്ഡിക നം. 9

പരിശീലകർക്കായി ട്രെയിനിംഗ് ഹാളും ലേഡീസ് ഹോസ്റ്റലും നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും കിറ്റ്കോ മുഖാന്തിരം തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണെന്നും ഡയറക്ടർ അറിയിച്ചു.

## ഖണ്ഡിക നം. 11

സി.എഫ്.ആർ.ഡി. യുടെ കീഴിലുള്ള ഡ്രഗ് ടെസ്റ്റിംഗ് ലാബ് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു.

## ഖണ്ഡിക നം. 12

സി.എഫ്.ആർ.ഡി. യുടെ കീഴിലുള്ള കെമിക്കൽ ലാബിന് എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് ഡയറക്ടർ അറിയിച്ചു.

## ഖണ്ഡിക നം. 13

2014-15 സാമ്പത്തിക വർഷത്തിൽ ലഭിച്ച 40 ലക്ഷം രൂപ ഉപയോഗിച്ച് സംസ്ഥാനത്ത് ഭക്ഷ്യഗുണനിലവാര സർവ്വേ പൂർത്തിയാക്കിയിട്ടുണ്ടെന്നും ആയതിന്റെ റിപ്പോർട്ട് തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണെന്നും ഡയറക്ടർ അറിയിച്ചു.

## ഖണ്ഡിക നം. 14

ഭക്ഷ്യവസ്തുക്കളുടെ പരിശോധനയ്ക്കും വിശകലനത്തിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്ന് ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയം ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് ഫോളോഅപ്പ് ചെയ്യണമെന്ന് ഭക്ഷ്യവകുപ്പ് സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

## ഖണ്ഡിക നം. 15

പഴങ്ങളുടെയും പച്ചക്കറികളുടെയും സംഭരണം, നിർജ്ജലീ കരണം എന്നിവയ്ക്കായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ ഫൗണ്ടേഷൻ വർക്ക് കഴിഞ്ഞുവെന്നും സൈറ്റ് കണ്ടീഷൻ മോശമായതുകാരണം ഫൗണ്ടേഷൻ വർക്കിനായി കൂടുതൽ പണം ചെലവഴിക്കേണ്ടതായി വന്നുവെന്നും അതിനാൽ ബി.ഒ.ക്യൂ - വിൽ ചെറിയ വ്യത്യാസം വരുന്നുണ്ടെന്നും ഇതിന്റെ ഫസ്റ്റ് ഫെയ്സ് മേയ് അവസാനം കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നും ഡയറക്ടർ അറിയിച്ചു. ഏപ്രിൽ മാസത്തിൽ ഫസ്റ്റ് ഫെയ്സ് കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## ഖണ്ഡിക നം. 16

നിലവിലുള്ള സംഭരണശാലയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള APEDA യുടെ ഫണ്ടിംഗ് കിട്ടുന്നുണ്ടെന്നും ഇതുവരെ 3.65 കോടി രൂപ കിട്ടിയിട്ടുണ്ടെന്നും നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണെന്നും ഡയറക്ടർ അറിയിച്ചു.

## ഖണ്ഡിക നം. 17

അംഗീകാരമില്ലാത്ത സംഭരണശാലകളിൽ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നത് തടയുന്നതിനായി പരിശോധന നടത്തുന്നതിന് അധികാരം നൽകേണ്ടത് സർക്കാരാണെന്ന് ഡയറക്ടർ അറിയിച്ചു.

## ഖണ്ഡിക നം. 18

ഭക്ഷ്യവ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും ഈ മേഖലയിലേക്ക് കടന്നുവരാനുദ്ദേശിക്കുന്ന വ്യവസായ സംരംഭകർക്കും ഭക്ഷ്യസംസ്കരണത്തിൽ ആവശ്യമായ പരിശീലനം നൽകാൻ സി.എഫ്.ആർ.ഡി. തയ്യാറാണെന്നും ആയതിനായി 55 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

## ഖണ്ഡിക നം. 19

സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധന നടത്തി സർട്ടിഫിക്കേഷൻ നൽകുന്നതിന് സി.എഫ്.ആർ.ഡി.ക്ക് ആതറൈസേഷൻ നൽകേണ്ടത് സർക്കാരാണെന്ന് ഡയറക്ടർ സമിതിയെ അറിയിച്ചു (ഫയൽ നം. 3547/സബ്സി. ജി/14/നി.സെ.).

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 26 മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിച്ചു. അഡീഷണൽ ഫണ്ടിനായി ധനവകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും മേൽ നടപടി ഉണ്ടായില്ലെന്ന് ഭക്ഷ്യവകുപ്പ് സെക്രട്ടറി അറിയിച്ചു. വീണ്ടും ധനവകുപ്പിനോട് അഡീഷണൽ ഫണ്ടിനായി അപേക്ഷ സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു. സി.എഫ്.ആർ.ഡി. ലാബ് നിർമ്മാണത്തിനായി റിവൈസ് ചെയ്ത് നൽകിയ പ്രൊപ്പോസൽ ധനകാര്യ വകുപ്പ് അംഗീകരിച്ചില്ലെന്നും മുമ്പ് എ.എസ്. ലഭിച്ച 2.9 കോടി രൂപയിൽ ബാലൻസായി കിട്ടാനുള്ള 170 ലക്ഷം രൂപ നൽകുന്നില്ലെന്നും സി.എഫ്.ആർ.ഡി. ഡയറക്ടർ അറിയിച്ചു. ഇതു സംബന്ധിച്ച് ധനവകുപ്പിനോട് വീണ്ടും ആവശ്യപ്പെടുവാൻ സമിതി നിർദ്ദേശിച്ചു.

2015-16 ലെ അഞ്ചാമത് റിപ്പോർട്ടിലെ 27-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിച്ചു. ബഡ്ജറ്റ് വിഹിതത്തിന് പുറമേ ആദ്യ സപ്ലിമെന്ററിയിൽ 242.3195 കോടി രൂപയും രണ്ടാമത് 99.38 കോടി രൂപയും അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 218 കോടി രൂപ മാത്രമാണ് ലഭിച്ചതെന്നും ആകെ ലഭിച്ച 667.57 കോടി രൂപയിൽ 613.31 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഭക്ഷ്യവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. സമിതി മുമ്പാകെ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ മേൽ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് അറിയിച്ചതിനെത്തുടർന്ന് വെറ്റസ്റ്റ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. 2016-17

സാമ്പത്തിക വർഷം 600 കോടി രൂപ ബഡ്ജറ്റ് പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ടെന്നും 65 കോടി രൂപ അധികമായി വേണ്ടിവരുമെന്നും ഭക്ഷ്യവകുപ്പ് സെക്രട്ടറി അറിയിച്ചു. ആയത് ആവശ്യപ്പെടാമെന്ന് സമിതി അറിയിച്ചു.

2015-16 ലെ അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 31, 32 എന്നിവയിലെ ശിപാർശകളിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിച്ചു. ഭക്ഷ്യസുരക്ഷാ നിയമം 2013 നടപ്പാക്കുന്നതിന് ഒരു കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും 48.2402 കോടി രൂപ അധിക വിഹിതമായി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 20 കോടി രൂപ മാത്രമാണ് അനുവദിച്ചതെന്നും ഇതിൽ 19.54 കോടി രൂപ ചെലവായിയെന്നും യഥാർത്ഥത്തിൽ 61.6 കോടി രൂപയാണ് ആവശ്യമുള്ളതെന്നും അതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിൽ പെൻഡിംഗിലാണെന്നും സെക്രട്ടറി അറിയിച്ചു. കൂടാതെ 2016-17-ൽ 50 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും അധികമായി 30 കോടി രൂപ വേണ്ടി വരുമെന്നും സെക്രട്ടറി അറിയിച്ചു. ധനകാര്യ വകുപ്പിനോട് വീണ്ടും തുക ആവശ്യപ്പെടുവാൻ സമിതി നിർദ്ദേശിച്ചു (ഫയൽ നം. 3292/സബ്സി.ജി/15/നി.സെ.).

സമിതി ഉച്ചയ്ക്കുശേഷം 3.00 മണിക്ക് യോഗം പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.